# ഫിലിം വിഷൻ

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY

KSFDC

കേരള ഭാഗ്യക്കുറി

filca



PH:8089036090

website:www.filca .in

email :filcakerala@gmail.com




വോള്യം -8 | ലക്കം -142 | സെപ്റ്റംബർ 2025 | മലയാളം - ഇംഗ്ലീഷ്


Filca film society in association with Joint council, Higher Education Dept., Lottery Dept., Beam Film Society, Chalachithra Academy, AFSO (Association of film societies) and other organisations.

## സാഹിത്യവും സിനിമയും - ഭാഗം - 4

## FILM FESTIVAL PART-4 (SEPTEMBER)






10:00 AM

**THE PLAGUE**
ALBERT CAMUS
Dir : Luis Peunzo





**30 SEPTEMBER 2025**

2:00 PM

**METAMORPHOSIS**
FRANZ KAFKA
Dir : Chris Swanton

JOINT COUNCIL A/C HALL,
NEAR PRESS CLUB,
TRIVANDRUM.






4:00 PM

**RHINOCEROS**
EUGENE LONESCO
Dir : Tom O. Horgan

FILCA 25th year

All are welcome ◆ Admission to people who are above 18 years old ◆ Free entry



കേരള സർക്കാർ
കേരള സംസ്ഥാന ഭാഗ്യക്കുറി
ഇനി ലക്ഷങ്ങളില്ല
കോടികൾ മാത്രം
സമ്മാനഘടനയിൽ അടിമുടി മാറ്റം വരുത്തി സംസ്ഥാന ഭാഗ്യക്കുറി
സമൃദ്ധി ഭാഗ്യക്കുറി
SAMRUDHI LOTTERY
എല്ലാ ഞായറാഴ്ചയും
രണ്ടാം സമ്മാനം ₹25 ലക്ഷം COMMON TO ALL SERIES
മൂന്നാം സമ്മാനം ₹5 ലക്ഷം COMMON TO ALL SERIES
ഒന്നാം സമ്മാനം ₹1കോടി COMMON TO ALL SERIES
ടിക്കറ്റ് വില ₹50
ഭാഗ്യതാര ഭാഗ്യക്കുറി
BHAGYATHARA LOTTERY
എല്ലാ തിങ്കളാഴ്ചയും
ഒന്നാം സമ്മാനം ₹1കോടി COMMON TO ALL SERIES
ടിക്കറ്റ് വില ₹50
സ്ത്രീശക്തി ഭാഗ്യക്കുറി
STHREESAKTHI LOTTERY
എല്ലാ ചൊവ്വാഴ്ചയും
ഒന്നാം സമ്മാനം ₹1കോടി COMMON TO ALL SERIES
ടിക്കറ്റ് വില ₹50
ധനലക്ഷ്മി ഭാഗ്യക്കുറി
DHANALEKSHMI LOTTERY
എല്ലാ ബുധനാഴ്ചയും
ഒന്നാം സമ്മാനം ₹1കോടി COMMON TO ALL SERIES
ടിക്കറ്റ് വില ₹50
കാരുണ്യ പ്ലസ് ഭാഗ്യക്കുറി
KARUNYA PLUS LOTTERY
എല്ലാ വ്യാഴാഴ്ചയും
രണ്ടാം സമ്മാനം ₹30 ലക്ഷം COMMON TO ALL SERIES
മൂന്നാം സമ്മാനം ₹5 ലക്ഷം COMMON TO ALL SERIES
ഒന്നാം സമ്മാനം ₹1കോടി COMMON TO ALL SERIES
ടിക്കറ്റ് വില ₹50
സുവർണ്ണ കേരളം ഭാഗ്യക്കുറി
SUVARNA KERALAM LOTTERY
എല്ലാ വെള്ളിയാഴ്ചയും
രണ്ടാം സമ്മാനം ₹30 ലക്ഷം COMMON TO ALL SERIES
മൂന്നാം സമ്മാനം ₹5 ലക്ഷം COMMON TO ALL SERIES
ഒന്നാം സമ്മാനം ₹1കോടി COMMON TO ALL SERIES
ടിക്കറ്റ് വില ₹50
കാരുണ്യ ഭാഗ്യക്കുറി
KARUNYA LOTTERY
എല്ലാ ശനിയാഴ്ചയും
ഒന്നാം സമ്മാനം ₹1കോടി COMMON TO ALL SERIES
ടിക്കറ്റ് വില ₹50
കൂടാതെ 5000, 1000, 500, 100, 50 രൂപയുടെ നിരവധി സമ്മാനങ്ങൾ
For draw results: www.statelottery.kerala.gov.in
വിശ്വസ്തം സുതാര്യം ജനകീയം


KFC Kerala Financial Corporation
we finance your dream
FUNDING YOUR DREAMS
Kerala Financial Corporation Offers a diverse range of loan schemes, including CMEDP (Chief Minister's Entrepreneurship Development Programme), KFC Startup Kerala, Term loans, Working capital loans, and specialized schemes for sectors like Tourism, Agriculture, and Manufacturing.
Attractive interest rates starting from 5% facilitated by government subsidies and KFC rebates.
Offers collateral-free loans of up to 2 crores for eligible startups
Kerala Financial Corporation
Partnering with Kerala for Progress
APPLY NOW
Your business journey starts here
0471 2737500
www.kfc.org

September Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Film Festival Part-IV



# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE SEPTEMBER 2025

INDEX



1. Historical transition and modernism in the 20th century
ഡോ. ബി. രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 12



2. Certain points on the aesthetics and modern art concepts
-സാബു ശങ്കർ (ഫിൽക്ക) 15



3. പ്ലേഗ്, മെറ്റമോർഫോസിസ്, റൈനോസറോസ്: മൂന്ന് സിനിമകളുടെ സംവിധായകർ - ഗിരിജ സുരേന്ദ്രൻ ( ഫിൽക്ക) 21



4. പ്ലേഗ് / ആൽബേർ കാമു - വിനോദ്കുമാർ പി. ( ഫിൽക്ക) 27



5. ആൽബേർ കാമു ( Albert Camus ) – ഡോ. ഗിഫ്റ്റി എൽസ വർഗീസ് 30



6. പ്ലേഗ് (കവിത) – അനീഷ് രവി. കെ. ( ഫിൽക്ക) 36



7. മെറ്റമോർഫസിസ് – ഡോ. പി. അജികുമാർ ഫിൽക്ക) 37





Website:www.filca.in Email:filcakerala@gmail.com

September Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Film Festival Part-IV



# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE SEPTEMBER 2025

INDEX


8. ഫ്രാൻസ് കാഫ്ക - പി.എസ് ജ്യോതിഷ്കുമാർ ( ഫിൽക്ക) 40



9. മെറ്റമോർഫസിസ് (കവിത) - രാജാംബിക എസ്.എസ് (ഫിൽക്ക) 45



10. റൈനോസെറോസ് - സുരേഷ്കുമാർ. സി. ( ജീം ഫിലിം സൊസൈറ്റി) 47




11. യൂജിൻ അയനെസ്കോ- ലീലാമ്മ തോമസ് (ഫിൽക്ക) 50



12. റൈനോസെറോസ് (കവിത) - പുഷ്പ അനിൽ ( ഫിൽക്ക) 53



13. വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ ആസ്പദമാക്കിയുള്ള ചലച്ചിത്രമേളയുടെ മൂന്നാം ഭാഗം / പ്രതികരണം - ജോൺ തോമസ് (ഫിൽക്ക) 54




Website:www.filca.in Email:filcakerala@gmail.com



എന്റെ കേരളം എന്നും സുന്ദരം
ലോകത്തെ കേരളം കാണിക്കൂ!
കേരളത്തിന്റെ ഭംഗി ലോകത്തെ അറിയിക്കാൻ കേരള ടൂറിസം വകുപ്പിനൊപ്പം നിങ്ങളും പങ്കുചേരൂ. സ്വന്തം നാടിന്റെ ഒരു വീഡിയോ തയ്യാറാക്കി നിങ്ങളുടെ സോഷ്യൽ മീഡിയ പേജിൽ #entekeralamennumsundaram എന്ന ഹാഷ്ടാഗിൽ കേരള ടൂറിസത്തിന്റെ ഔദ്യോഗിക ഫേസ്ബുക്ക്/ഇൻസ്റ്റഗ്രാം പേജ് ടാഗ് ചെയ്ത് (@keralatourism) അപ്‌ലോഡ് ചെയ്യൂ. തിരഞ്ഞെടുക്കുന്ന മികച്ച ദൃശ്യങ്ങൾ ടൂറിസം വകുപ്പിന്റെ ഔദ്യോഗിക മ്യൂസിക് വീഡിയോയിൽ ഉൾപ്പെടുത്തുന്നതാണ്.
Maitri.com
കേരള സർക്കാർ
kerala
God's Own Country


www.ksfe.com
കെ എസ് എഫ് ഇ
ഗോൾഡ് ലോൺ
ഇനി ആവശ്യങ്ങൾക്ക്
അവധികൊടുക്കേണ്ടതില്ല...
കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്
KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com

# WORLD LITERATURE AND CINEMA FILM FESTIVAL

## PART -IV

Filca film society in association with Joint council, Higher Education Dept., Lottery Dept., Beam Film Society, Chalachithra Academy, AFSO (Association of film societies) and other organisations..

30, TUESDAY, SEPTEMBER,2025.

## SCREENING SCHEDULE

Joint council 1ST Floor, Near Press Club, Trivandrum.

## FILCA FILM SOCIETY

### SEPTEMBER FILM FEST



10:00 AM
**THE PLAGUE**
**ALBERT CAMUS**
1992 /101 MINS / ARGENTINA - FRANCE- UK.
DIR: LUIS PEUNZO.



LUIS PEUNZO





2:00 PM
**METAMORPHOSIS**
**FRANZ KAFKA**
2012 / 85 MINS / UK .
DIR: CHRIS SWANTON



CHRIS SWANTON





4:00 PM
**RHINOCEROS**
**EUGENE IONESCO**
1974 / 101 MINS / USA
DIR: TOM O' HORGAN



TOM O' HORGAN



website:www.filca .in

email :filcakerala@gmail.com


Innovating for Healthy Generations
HLL has traversed a long path, over the past five decades. From a modest condom manufacturer, HLL has emerged as one of India's foremost providers of quality & affordable healthcare products and services. From innovative Contraceptives to Hospital products, Diagnostic services to Retail Pharmacy, creating new-age Infrastructure to Social development initiatives, we are doing all it takes to keep the generations healthy.
HLL Lifecare Limited
(A Government of India Enterprise)
www.lifecarehll.com
Contraceptives | Hospital Products | Nutraceuticals | Personal Care Products | Diagnostic Services | Retail Pharmacy | Projects & Services


KPharma
Your Family Health Store
Your Prescription
Delivered Anytime,
Anywhere
Kuravankonam - +91 9995811166
Attingal - +91 8129484422
Pothencode - +91 9074558869
Manacaud - +91 8138988890
Vattiyoorkavu - +91 8714692315
Ayoor - +91 7593001351

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV





September Film Festival


ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Film Festival Part-IV

12

# Historical Transition and Modernism in the 20th Century -




**Dr. B. Radhakrishnan**
(President, Filca Fim Society


It is indeed an interesting event that Filca film society is conducting a unique and relevant film festival series, consisting of 25 films, under the title of 'world literature and world cinema', in connection with the celebration of Filca's 25th year. This monthly film fest series started in June 2025 and enters part-4 with the screening of the film Metamorphosis, based on the novella of Franz Kafka, The Plague, based on the novel of Albert Camus and Rhinoceros of Eugène Ionesco.From September onwards, the film fest focuses on ' Modernism ' in literature. As it is a vast and deep subject, certain glimpses of the Modernist movement in literature may be of interest to film viewers.


In this context, I courteously acknowledge that I have adapted several points from different online sources and compiled them as an article for the September edition of Filca's film vision digital magazine.


The term 'Modernism' generally covers the creative output of artists and thinkers who realised that the 19th and early 20th century 'traditional' approaches to the arts, architecture, literature, religion and social organisation (and even life itself) had become outdated in light of the new economic, social and political circumstances of a fully industrialised society. They duly set about searching for radical responses to the radical changes occurring around them, affirming man's power to shape and influence their environment through experimentation, technology and scientific advancement, in short, providing alternative and newer responses to life's issues.


Historically, the 'Early modern' is a term used by historians to refer to the period approximately from AD 1500 to 1800, especially in Western Europe. It follows the Late Medieval period, and is marked by the first


Friedrich Hegel


Karl Marx



Voltaire


Jean Jacques Rousseau



Charles Darwin


Henry David Thoreau


Honore De Belzac



Victor Hugo


Charles Dickens


Leo Tolstoy

European colonies, the rise of strong centralised governments, and the beginnings of recognisable nation-states that are the
direct antecedents of today's states, in what is called modern times. This era spans the two centuries between the Middle Ages and the Industrial Revolution that provided the basis for modern European and American society, and in subsequent years the term 'early modern has evolved to be less euro-centric, and became generally more useful for tracking related historical events across vast regions, as the cultural influences and dynamics from one region impacting on distant others has become more appreciated.

The early modern period is characterised by the rise of science, the shrinkage of relative distances through improvements in transportation and communications and increasingly rapid technological progress, secularised civic politics and the early authoritarian nation-states. Furthermore, capitalist economies and institutions began their rise and development, beginning in northern Italian republics such as Genoa and the Venetian oligarchy.The early modern period also saw the rise of the economic theory of mercantilism. As such, the early modern period represents the decline and eventual disappearance, in much of the European sphere, of Christian theocracy, feudalism and serfdom. The expression 'early modern' is sometimes (and incorrectly) used as a substitute for the term 'Renaissance'.


Fyoder Dostoevsky


Arthur Schopenhauer

However, 'Renaissance' is properly used in relation to a diverse series of cultural developments that occurred over several hundred years in many different parts of Europe, especially central and northern Italy, and spans the transition from late medieval civilisation to the opening of the 'early modern' period.


Modernist literature can be viewed largely in terms of its formal, stylistic and semantic movement away from Romanticism, examining subject matter that is traditionally mundane. All the enduring certainties of Enlightenment thinking, and the heretofore unquestioned existence of an all- seeing, all-powerful 'Creator' figure, were high on the modernists' list of dogmas that were now to be challenged, or subverted, perhaps rejected altogether, or, at the very least, reflected upon from a fresh new 'modernist' perspective.

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV




The past was now to be seen and treated as different from the modern era, and its axioms and undisputed authorities held up for revision and enquiry. The extent to which Modernism is open to diverse interpretations, and even rife with apparent paradoxes and contradictions, is perhaps illustrated by the uneasy juxtaposition of the viewpoints declared by two of modernist poetry's most celebrated and emblematic poets: while Ezra Pound (1885-1972) was making his famous call to "make it new", his contemporary T. S. Eliot (1888 1965) was stressing the indispensable nature of tradition in art, insisting upon the artist's responsibility to engage with tradition.Indeed, the overtly complex, contradictory character of Modernism is summed up by Peter Childs, who identifies "paradoxical if not opposed trends towards revolutionary and reactionary positions, fear of the new and delight at the disappearance of the old, nihilism and fanatical enthusiasm, creativity and despair" (Modernism, 2000).

By the late 19th and early 20th century, modernist art, politics, science and culture had come to dominate not only Western Europe and North America, but almost every civilised area on the globe, including movements thought of as opposed to the West and globalisation. The modern era is closely associated with the development of individualism, capitalism, urbanisation and a belief in the positive possibilities of technological and political progress. The brutal wars and other problems of this era, many of which come from the effects of rapid change and the connected loss of strength of traditional religious and ethical norms, have led to many reactions against modern development: optimism and belief in constant progress has been most recently criticised by 'postModernism', while the dominance of Western Europe and North America over other continents has been criticised by postcolonial theory.



Friedrich Nietzsche



Albert Einstein

The concept of the modern world as distinct from an ancient or medieval one rests on a sense that 'modernity' is not just another era in history, but rather the result of a new type of change. This is usually conceived of as progress driven by deliberate human efforts to better their situation. Advances in all areas of human activity - politics, industry, society, economics, commerce, transport, communication,mechanisation, automation, science, medicine, technology, and culture appear to have transformed an 'old world' into the 'modern' or 'new world'.

In each case, the identification of the old Revolutionary change can be used to demarcate the old and old-fashioned from the modern. Much of the modern world has replaced the Biblical-oriented value system, re-evaluated the monarchical government system,and abolished the feudal economic system, with new democratic and liberal ideas in the areas of politics, science, psychology, sociology, and economics.

We welcome all Film art lovers to the September edition of the world literature and world cinema series, part -4.

# Certain points on the aesthetics and modern art concepts



**Sabu Sankar**
Novelist, Film Writer, Director

September film festival. World Literature and World Cinema series. Part -4. " Modernism in Literature " .

1. Metamorphosis/ Franz Kafka/ 2012 /85 Mins / UK / Directed by Chris Swanton.


2. The Plague / Albert Camus/ 1992 /101 Mins / Argentina - France- UK / Directed by Luis Peunzo.

3. Rhinoceros/ Eugene Ionesco/ 1974 / 101 Mins / USA/ Directed by Tom O' Horgan.


In continuation of the discussion and FILCA film festival on the World Literature and World Cinema series and the introduction to modernism in literature, we can imagine a cubist-style picture of historical, dialectical and very complex processes and the transition into a scientific world and the catalytic development of all systems, including the philosophy of art, along with new realisations.
A nuanced appreciation of the aesthetics of modernist films may require a level of familiarity and visual training, and unfortunately we did not have such film and cultural studies courses until recently. Nevertheless, the library movement and the Kerala Film Society movement have been playing a significant role and making innovative efforts in this intellectual milieu.

The first half of the nineteenth century saw an aesthetic turning away from the realities of political and social fragmentation and so facilitated a trend towards Romanticism: emphasis on individual subjective experience, the sublime, the supremacy of Nature as a subject for art, revolutionary or radical extensions of expression, and individual liberty.
By mid-century, however, a synthesis of these ideas with stable governing forms had emerged, partly in reaction to the failed Romantic and democratic Revolutions of 1848.

Exemplified by 'practical' philosophical ideas such as positivism and called by various names - in Great Britain it is designated the 'Victorian era' - this stabilising synthesis was



Gustave Flaubert



Edourd Manet


September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV


rooted in the idea that reality dominates over subjective impressions. Central to this synthesis were common assumptions and institutional frames of reference, including the religious norms found in Christianity, scientific norms found in classical physics and doctrines that asserted that the depiction of external reality from an objective standpoint was not only possible but desirable.


Cultural critics and historians label this set of doctrines Realism, though this term is not universal. In philosophy, the rationalist, materialist and positivist movements established a primacy of reason and system. Against this current ran a series of ideas, some of them direct continuations of Romantic schools of thought.

Notable among these were the agrarian and revivalist movements in plastic arts and poetry. Rationalism also drew responses from the anti-rationalists in philosophy: in particular, G. W. F. Hegel's dialectic view of civilisation and history drew responses from Friedrich Nietzsche and Søren Kierkegaard, who were Hegel; Kierkegaard; Nietzsche; Ruskin major


Gustave Courbet


Paul Cezzane


T. S. Eliot


Ezra Pound

influences on Existentialism.

All of these separate reactions together began to be seen as offering a challenge to any comfortable ideas of certainty derived by civilisation, history, or pure reason. From the 1870s onward, the ideas that history and civilisation were inherently progressive and that progress was always good came under increasing attack.

The likes of the German composer Richard Wagner (1813-83) and the Norwegian dramatist Henrik Ibsen (1828-1906) had been reviled for their own critiques of contemporary civilisation and for their warnings that accelerating 'progress' would lead to the creation of individuals detached from social values and isolated from their fellow men. Arguments arose that the values of the artist and those of society were not merely different, but that society was antithetical to progress and could not move forward in its present form.

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV



Philosophers called into question the previous optimism. The work of the German philosopher Arthur Schopenhauer (1788-1860) was labelled 'pessimistic' for its idea of the 'negation of the will', an idea that would be both rejected and incorporated by later thinkers such as Nietzsche (1844-1900).


Joseph Conrad


James Joyce

Two of the most significant thinkers of the period were, in biology, Charles Darwin, and in political science, Karl Marx.

Darwin's theory of evolution by natural selection undermined the religious certainty of the general public and the sense of human uniqueness of the intelligentsia. The notion that human beings were driven by the same impulses as 'lower animals' proved to be difficult to reconcile with the idea of an ennobling spirituality.

Marx argued there were fundamental contradictions within the capitalist system - and that, contrary to the libertarian ideal, the workers were anything but free. Both thinkers would spawn defenders and schools of thought that would become decisive in establishing Modernism.

Separately, in the arts and letters, two ideas originating in France would have a particular impact. The first was Impressionism, a school of painting that initially focused on work done, not in studios, but outdoors.

Impressionist paintings demonstrated that human beings do not see objects but instead see light itself. The school gathered adherents despite internal divisions among its leading practitioners and became increasingly influential.

The second school was Symbolism, marked by a belief that language is expressly symbolic in its nature, and that poetry and writing should follow connections that the sound and texture of the words create.

The poet Stéphane Mallarmé would be of particular importance to what would occur afterwards.

At the same time, social, political, and economic forces were at work that would become the basis to argue for a radically different kind of art and thinking. Chief among these was steam-powered industrialisation, which produced buildings that combined art and engineering in new industrial materials such as cast iron to produce railroad bridges and glass-and-iron train sheds - or the Eiffel Tower, which broke all previous limitations on how tall man-made objects could be - and at the same time offered a radically different environment in urban life.

With the telegraph offering instant communication at a distance, the experience of time itself was altered.

In the 1890s, a strand of thinking began to assert that it was necessary to push aside previous norms entirely, instead of merely revising past knowledge in light of current techniques. It was argued that, if the nature of reality itself was in question, and if restrictions which had been in place around human activity were falling, then art, too, would have to radically change.

Thus, in the first fifteen years of the twentieth century, a series of writers, thinkers, and artists made the break with traditional means of organising literature, painting, and music. This wave of the modern movement broke with the past in the first decade of the twentieth century and tried to redefine various art forms radically.

Composers such as Schoenberg, Stravinsky, and George Antheil represent Modernism in music.

Artists such as Gustav Klimt, Picasso, Matisse, Mondrian, and the movements Les Fauves, Cubism Woman with a Hat, by Henri Matisse (1905) and the Surrealists represent various strains of Modernism in the visual arts, while architects and designers such as Le Corbusier, Walter Gropius, and Ludwig Mies van der Rohe brought modernist ideas into everyday urban life. Several figures outside of artistic Modernism were influenced by artistic ideas; for example, John Maynard Keynes was friends with Virginia Woolf and other writers of the London-based Bloomsbury group.

On the eve of the First World War, a growing tension and unease with



Virginia Woolf



Anton Chekhov


the social order, seen in the Russian Revolution of 1905 and the agitation of 'radical' parties, also manifested itself in artistic works in every medium, which radically simplified or rejected previous practice.

In 1913 - the year of Edmund Husserl's Ideas, Ezra Pound's founding of Imagism, and the New York Armoury Show - Stravinsky (1882-1971) composed The Rite of Spring for a ballet, choreographed by Vaslav Nijinsky, that depicted human sacrifice. Meanwhile, young painters such as Picasso and Matisse were causing a shock with their rejection of traditional perspective as the means of structuring paintings.

These developments began to give a new meaning to what was termed 'Modernism': it now embraced disrup-


Sigmund Freud


Pablo Picasso



Henri Matisse



Piet Mondrian

tion, rejecting or moving beyond simple Realism in literature and art, and rejecting or dramatically altering tonality in music. This set modernists apart from 19th-century artists, who had tended to believe in 'progress'.

Writers like Dickens and Tolstoy, painters like Turner, and musicians like Brahms were not 'radicals' or 'Bohemians', but were instead valued members of society who produced art that added to society, even if it was, at times, critiquing less desirable aspects of it.

Modernism, while it was still progressive, increasingly saw traditional forms and traditional social arrangements as hindering progress, and therefore the artist was recast as a revolutionary, overthrowing rather than enlightening. Modernist philosophy and art were still viewed as being part, and only a part, of the larger social movement.

Artists such as Klimt and Cézanne, and composers like Mahler and Richard Strauss were 'the terrible moderns' - those farther to the avant-garde were more heard of than heard. Polemics in favour of geometric or purely abstract painting were largely confined to 'little magazines' with tiny circulations.


Again, Impressionism was a precursor: breaking with the idea of national schools, artists and writers adopted ideas of international movements. Surrealism, Cubism, Bauhaus, and Leninism are all examples of movements that rapidly found adopters far beyond their original geographic base. Exhibitions, theatre, cinema, books and buildings all served to cement the public perception that the world was changing. Hostile reaction often followed, as paintings were spat upon, riots were organised at the opening of works, and political figures denounced Modernism as unwholesome and immoral.

Many modernists believed that by rejecting tradition, they could discover radically new ways of making art. Arnold Schoenberg believed that by rejecting traditional tonal harmony, the hierarchical system of organising works of music, which had guided music-making for at least a century and a half, he had discovered a wholly new way of organising sound.

Abstract artists, taking as their examples the Impressionists, as well as Paul Cézanne and Edvard Munch, began with the assumption that colour and shape formed the essential characteristics of art, not the depiction of



Henrik Ibsen



Konstantin Stanislavski

the natural world. Kandinsky, Mondrian, and Malevich all believed in redefining art as the arrangement of pure colour.The use of photography, which had rendered much of the representational function of visual art obsolete, strongly affected this aspect of Modernism. However, these artists also believed that by rejecting the depiction of material objects, they helped art move from a materialist to a spiritualist phase of development.

Many modernists saw themselves as apolitical. Others, such as T. S. Eliot, rejected mass popular culture from a conservative position. Indeed, one could argue that Modernism in literature and art functioned to sustain an elite culture that excluded the majority of the population.

Modernism as a literary movement reached its height in Europe between 1900 and the mid-1920s. 'Modernist' literature addressed aesthetic problems similar to those examined in non-literary forms of contemporaneous Modernist art, such as painting. Gertrude Stein's abstract writings, for example, have often been compared to the fragmentary and multi-perspectival Cubism of her friend Pablo Picasso.

Modernist literature involved such authors as Knut Hamsun (whose novel Hunger (1890) is considered to be the first 'modernist' novel), Virginia Woolf, Anton Chekhov, T. S. Eliot, Franz Kafka , Gertrude Stein, H.D. (Hilda Doolittle), Dylan Thomas, Paul Laurence Dunbar, Julio Cortázar , Ezra Pound, Mina Loy, James Joyce, Hugh MacDiarmid, William Faulkner, Jean Toomer, Ernest Hemingway, Rainer Maria Rilke, Robert Musil, Joseph Conrad, Guy de Maupassant, Jorge Luis Borges, Edgar Allen Poe, Andrei Bely, W. B. Yeats, F. Scott Fitzgerald, Luigi Pirandello, D. H. Lawrence, Katherine Mansfield, Jaroslav Hašek, Samuel Beckett, Menno ter Braak, Marcel Proust, Mikhail Bulgakov, Robert Frost, Bertolt Brecht , Boris Pasternak, Djuna Barnes, Albert Camus, Eugene Ionesco , Nikos Kazantzakis and others.

The general thematic concerns of Modernist literature are well-summarised by the sociologist Georg Simmel: "The deepest problems of modern life derive from the claim of the individual to preserve the autonomy and individuality of his existence in the face of overwhelming social forces, of historical heritage, of external culture, and of the technique of life".

(Reference: An Introduction to the Aesthetics of Cinema / സിനിമയുടെ സൗന്ദര്യ ശാസ്ത്രത്തിന് ഒരാമുഖം / Sabu Sankar / First Edition 1987 / Second Edition N. B.S. / Third Edition Prabhath Book House , Thiruvananthapuram. Introduction - P. Govindapillai, and Britannica Encyclopedia - Oxford - Other Online Studies.)




Lev Kuleshov

# പ്ളേഗ്, മെറ്റമോർഫസിസ്, റൈനോസെറോസ്: മൂന്ന് സിനിമകളുടെ സംവിധായകർ



ഗിരിജ സുരേന്ദ്രൻ
(ഫിൽക്ക)




## ലൂയിസ് അഡാൽബെർട്ടോ പ്യൂൻസോ (പ്ളേഗ്)

ലൂയിസ് പ്യൂൻസോ ഒരു അർജന്റീനിയൻ ചലച്ചിത്ര സംവിധായകനും നിർമ്മാതാവും തിരക്കഥാകൃത്തുമാണ്. അദ്ദേഹം അമേരിക്കൻ സിനിമാരംഗത്തും പ്രവർത്തിച്ചിട്ടുണ്ട്. തിരക്കഥാകൃത്തും ചലച്ചിത്ര സംവിധായകയുമായ ലൂസിയ പ്യൂൻസോയുടെ (സിനിമ - XXY) പിതാവാണ് ലൂയിസ് പ്യൂൻസോ. XXY എന്ന ചിത്രം ഏപ്രിൽ മാസത്തെ ട്രാൻസ് ഫിലിം ഫെസ്റ്റിവലിൽ ഫിൽക്ക പ്രദർശിപ്പിച്ചിട്ടുണ്ട് .

1946-ൽ ബ്യൂണസ് ഐറിസിലാണ് പ്യൂൻസോ ജനിച്ചത്. 1965-ൽ അർജന്റീനയിൽ ടെലിവിഷൻ പരസ്യ കേന്ദ്രങ്ങൾ നിർമ്മിച്ചു കൊണ്ട് അദ്ദേഹം ചലച്ചിത്ര പ്രവർത്തനം ആരംഭിച്ചു. ലൂയിസ് പ്യൂൻസോ സിനിമ എന്ന നിർമ്മാണ കമ്പനി സ്ഥാപിച്ചു,1974-ൽ കമ്പനിയുടെ പേര് സിനിമാനിയ എസ്.എ. എന്ന് മാറ്റി.

1970-കളുടെ മധ്യത്തിലും 1980- കളുടെ തുടക്കത്തിലും അർജന്റീനയിൽ സിവിക്-സൈനിക സ്വേച്ഛാധിപത്യം നിലനിന്നിരുന്ന കാലത്ത്, നിരവധി ചലച്ചിത്ര നിർമ്മാതാക്കൾ അടിച്ചമർത്തലിന് ഇരയായി. ചിലർ നാടുകടത്തപ്പെട്ടു. മറ്റു ചിലർ അപ്രത്യക്ഷരായി. ഈ ദുഷ്കരമായ സമയത്താണു വളരെ ചെറുപ്പത്തിൽ-19 വയസ്സുള്ളപ്പോൾ -പരസ്യ ചിത്രങ്ങളിലൂടെയാണ് സംവിധാന രംഗത്തെത്തിയത്. പട്ടാള ഭരണത്തിന്റെയും ആഭ്യന്തര പ്രശ്നങ്ങളുടെയും കാലത്ത് ഏറ്റവും പ്രധാനപ്പെട്ട ചലച്ചിത്ര നിർമ്മാതാക്കളിൽ ഒരാളായി അദ്ദേഹം ശ്രദ്ധനേടി . 1973 ൽ കാണാതായ കുട്ടികളെ സംബന്ധിച്ച തന്റെ ആദ്യ ഫീച്ചർ ഫിലിം ലൂസസ് ഡി മിസ് സപറ്റോസ് നിർമ്മിച്ചു. എന്നിരുന്നാലും, ലാ ഹിസ്റ്റോറിയ ഒഫീഷ്യൽ (ദി ഒഫീഷ്യൽ സ്റ്റോറി - 1985) ആയിരുന്നു ഏറ്റവും വലിയ നാഴികക്കല്ല്.

ഒഫീഷ്യൽ സ്റ്റോറി എന്ന സിനിമയിലൂടെ 1986-ൽ ഹോളിവുഡ് അക്കാദമി ഓഫ് ഫിലിം ഓസ്കാർ നേടിയ ഏക അർജന്റീനിയൻ, ലാറ്റിൻ അമേരിക്കൻ ചലച്ചിത്ര സംവിധായകൻ, തിരക്കഥാകൃത്ത്, നിർമ്മാതാവ് എന്നീ നിലകളിൽ പ്രശസ്തനാണ് ലൂയിസ് പ്യൂൻസോ .ഗ്രിഗറി പെക്ക്, ജെയ്ൻ ഫോ, ജിമ്മി സ്മിറ്റ്സ് എന്നിവർ അഭിനയിച്ച ഓൾഡ് ഗ്രിംഗോ (1989) എന്ന ചിത്രത്തിലൂടെയാണ് അദ്ദേഹം യുണൈറ്റഡ് സ്റ്റേറ്റ്സിൽ അറിയപ്പെടുന്നത്.

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV





ഇന്ന്, യു. എസിലും യൂറോപ്പിലുടനീളമുള്ള നിരവധി ലാറ്റിൻ അമേരിക്കൻ സംസ്കാരിക കോഴ്സുകളിൽ പ്യൂൻസോയുടെ സിനിമ ഒരു പ്രധാന ഘടകമായി മാറിയിരിക്കുന്നു. കൂടാതെ കാൻസ്, ന്യൂയോർക്ക്, ചിക്കാഗോ, ടൊറന്റോ, ഹവാന എന്നിവിടങ്ങളിൽ നിന്ന് അവാർഡുകളും അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട് .

സ്വേച്ഛാധിപത്യത്തിന്റെ കലുഷിത മായ സാമൂഹിക പ്രശ്നങ്ങളിലേക്ക് ആഴ്ന്നിറങ്ങാൻ ധൈര്യപ്പെട്ട ആദ്യ സിനിമയാണ് ദി ഒഫീഷ്യൽ സ്റ്റോറി. ഒരു സ്ത്രീ തന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീരുമാനത്തെ അഭിമുഖീകരി ക്കേണ്ടി വന്ന സംഭവത്തെ സിനിമയാക്കാൻ തന്നെ പ്യൂൻസോ തീരുമാനിച്ചു.

സത്യങ്ങൾ മൂടിവെയ്ക്കപ്പെട്ട രാഷ്ട്രീയ ദുരവസ്ഥയി ൽ ആ സ്ത്രീ കഥാപാത്രത്തിന് ഒന്നുകിൽ കാപട്യത്തിന്റെ ഭാഗത്തു നിൽക്കണം . അല്ലെങ്കിൽ സ്വന്തം കുടുംബ ത്തിന്റെ ഭാവിയെ പ്രതികൂലമായി ബാധിക്കും വിധം യാഥാർഥ്യത്തിന്റെ ഭാഗത്തു നിൽക്കണം.തന്റെ ദത്തുപുത്രിയുടെ ഉത്ഭവത്തെക്കുറിച്ച് അറിയാൻ ആഗ്രഹി ക്കുന്ന ഒരു അമ്മയെ കണ്ടെത്തുന്നതിലായി രുന്നു ഈ ചിത്രം ശ്രദ്ധ കേന്ദ്രീകരിച്ചത്.

അക്കാലത്ത് വിവാദമായേക്കാവുന്ന ഒരു വിഷയത്തെ വെളിച്ചത്തു കൊണ്ടുവരാനാണ് സംവിധായകൻ ധൈര്യപ്പെട്ടത് .

നാസി ഭരണകാലത്തെ ഹോളോകോസ്റ്റ് അതിജീവിച്ചവരുടെ സാക്ഷ്യത്തെ അടിസ്ഥാനമാക്കി, സ്റ്റീവൻ സ്പിൽബർഗ് കമ്മീഷൻ ചെയ്ത ഒരു ഡോക്യുമെന്ററിയും ലൂയിസ് പ്യൂൻസോ എഴുതി സംവിധാനം ചെയ്തു. ഈ പ്രോജക്റ്റ് അദ്ദേഹത്തെ അന്താരാഷ്ട്രതലത്തിൽ പ്രശസ്തരായ മറ്റ് സംവിധായകരുമായി സൗഹൃദം സ്ഥാപി ക്കാൻ അവസരമൊരുക്കി .


2003-ൽ, അദ്ദേഹം ദി വോർ ആൻഡ് ദി വെയ്ൽ എന്ന സ്പാനിഷ്-അർജന്റീനിയൻ സഹ-നിർമ്മാണ ചിത്രവും സംവിധാനം ചെയ്തു. സിനിമ എന്ന മാധ്യമത്തിൽ അദ്ദേഹം തന്റെ മക്കളായ നിക്കോളാസ്, എസ്റ്റെബാൻ, സെബാസ്റ്റ്യൻ, ലൂസിയ എന്നി വർക്ക് പരിശീലനം നൽകി .സ്പാനിഷ് സിനിമയിലെ പ്രധാന അവാർഡായ ഗോയ തന്റെ മകൾക്കൊപ്പം നിർമ്മാതാവ് എന്ന നിലയിൽ പങ്കിടുകയുണ്ടായി . മകൾ ലൂസിയ പ്യുൺസോ സംവിധാനം ചെയ്ത ആദ്യ ചിത്രമായ XXY, അന്താരാഷ്ട്ര ചലച്ചിത്ര മേളകളിലും അർജന്റീനിയൻ ഛായാഗ്രഹ ണത്തിലും അവാർഡുകൾ നേടി.



അർജന്റീനിയൻ ഫിലിം ഡയറക്ടേഴ്സ് അസോസിയേഷന്റെ പ്രസിഡന്റും ഫിലിം അക്കാദമിയുടെ സ്ഥാപകനുമാണ് ലൂയിസ് പ്യൂൻസോ. ദേശീയ ചലച്ചിത്ര വ്യവസായ ത്തെ നിയന്ത്രിക്കുന്ന ചലച്ചിത്ര നയത്തിലും അദ്ദേഹം സജീവമായി ഇടപെട്ടിട്ടുണ്ട്. വിശ്വ സാഹിത്യത്തിൽ ശ്രദ്ധേയരായ എഴുത്തുകാരുടെ കൃതികളും ഈ സംവിധാ യകൻ ചലച്ചിത്രമാക്കി.

അമേരിക്കയിലെ ഡയറക്ടേഴ്സ് ഗിൽഡിലെ അംഗം കൂടിയാണ് അദ്ദേഹം. എട്ടാമത് ടാൻഡിൽ സിനിയിൽ ദി പ്ലേഗ്, ദി വോർ ആൻഡ് ദി വെയിൽ, ദി ഒഫീഷ്യൽ സ്റ്റോറി എന്നിവയുടെ പ്രദർശനങ്ങൾ നടത്തിയിരുന്നു . അദ്ദേഹത്തിന്റെ മിക്ക സിനിമകളിലും, വലിയ സാമൂഹിക-രാഷ്ട്രീയ പ്രശ്നങ്ങൾ നേരിടുന്ന കഥാപാത്രങ്ങളുടെ അന്വേഷണാത്മകവും ആലങ്കാരികവുമായ ഛായാചിത്രങ്ങൾ ഉണ്ട്.

## ക്രിസ് സ്വാൻഡോൺ (മെറ്റമോർഫസിസ്)




ക്രിസ് സ്വാൻഡോൺ ലൻ യൂണിവേഴ് സിറ്റിയിലെ കിംഗ്സ് കോളേജിൽ ജർമ്മൻ പഠിക്കുകയും അവിടെ നിന്ന് പിഎച്ച്ഡി നേടുകയും ചെയ്തു.ലണ്ടൻ യൂണിവേഴ്സിറ്റിയിൽ മൂന്ന് വർഷം പഠിപ്പിച്ച ശേഷം,



ബവേറിയയിലെ വൂഴ്സ്ബർഗ് യൂണിവേഴ്സിറ്റിയിൽ ഒരു തസ്തിക ഏറ്റെടു ക്കാൻ അദ്ദേഹം അന്ന് പശ്ചിമ ജർമ്മനി എന്ന് അറിയപ്പെട്ടിരുന്ന സ്ഥലത്തേക്ക് മാറി. ഈ സമയത്ത് അദ്ദേഹം ബെർലിനർ എൻസെംബിളിനൊപ്പം അവരുടെ തിയേറ്ററി ൽ ഒരു രസകരമായ വേനൽക്കാലം ചെല വഴിച്ചു, എപ്പിക് തിയേറ്റർ എന്ന ആശയം അതിന്റെ വസ്തുനിഷ്ഠവൽക്കരണം എന്ന സാങ്കേതികതയോടെ അവതരിപ്പിച്ച ബെർത്തോൾട്ട് ബ്രെഹ്ത്തിന്റെ നിർമ്മാണ സാങ്കേതിക വിദ്യകൾ പഠിച്ചു. ബെർലിനർ എൻസെംബിളിലെ അംഗങ്ങളാണ് മകളും നടിയുമായ ബാർബറ ബെർഗും മരുമകൻ - നടൻ എക്കെഹാർഡ് ഷാളും .

യു.കെയിലേക്ക് മടങ്ങിയ ശേഷം, ക്രിസ് ഒരു പ്രാദേശിക സ്കൂളിൽ പഠിപ്പിച്ചു. പിന്നീട് ഈലിംഗ് സ്റ്റുഡിയോയിലെ ബിബിസിയുടെ ഫിലിം ഡിപ്പാർട്ട്മെന്റിൽ ചേർന്നപ്പോൾ കാഴ്ചപ്പാടിൽ പൂർണ്ണമായ മാറ്റം സംഭവിച്ചു. 16 വർഷം അദ്ദേഹം ബിബിസിയിൽ തുടർന്നു. എഡ്ജ് ഓഫ് ഡാർക്ക്നെസ് എന്ന പ്രശംസ നേടിയ പരമ്പരയിലെ സംഭാവനയ്ക്ക് ബാഫ്റ്റ അവാർഡ് നേടി. അടുത്ത വർഷം ഫോക്ക്ലാൻഡ്സ് നാടകമായ ടംബിൾ ഡൗൺ നിർമ്മിച്ചു. തുടർന്ന് അദ്ദേഹം

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV






നിരവധി പ്രോഗ്രാമുകളിൽ പങ്കെടുത്തു . ബെർഗെറാക് (1991), ഗോസ്റ്റ് വാച്ച് (1992), ത്രീ മൈൽസ് അപ്പ് (1995) എന്നീ ടെലിഫിലിമുകളുടെ എഡിറ്ററായിരുന്നു അദ്ദേഹം. ഗോസ്റ്റ് വാച്ച്: ബിഹൈൻഡ് ദി കർട്ടൻസ് (2012) എന്ന സിനിമയിൽ അദ്ദേഹം അഭിനയിച്ചു. 2012 ൽ അദ്ദേഹം ദി മെറ്റാമോർഫസിസ് എഴുതി സംവിധാനം ചെയ്തു.

ദി മെറ്റാമോർഫോസിസിലെ ഏറ്റവും പ്രബല മായ വിഷയം അന്യവൽക്കരണം ആണ്. കുടുംബത്തെ പോറ്റാൻ കഠിനാധ്വാനം ചെയ്യുന്ന ഒരു സഞ്ചാര വിൽപ്പനക്കാരനായ ഗ്രിഗർ സാംസ രാവിലെ ഉണരുമ്പോൾ ഒരു ചാഴിയായി രൂപാന്തരപ്പെട്ടു . സ്വന്തം ശരീരത്തിൽ നിന്ന് ശാരീരികമായി അകൽച്ച അനുഭവിക്കുന്നു. ഗ്രിഗറിന്റെ കുടുംബം ഒടുവിൽ അദ്ദേഹത്തെ പൂർണ്ണമായും തഴയുന്നു . ഈ സാഹചര്യവുമായി പൊരുത്തപ്പെടാൻ കഴിയാതെ ഗ്രിഗർ ഒടുവിൽ നിരാശയും പട്ടിണിയും മൂലം മരിക്കുന്നു. ദി മെറ്റമോർഫോസിസ് കൗതുകകരമായ ഒരു ആധുനിക ഉപമയാണ്. ഫ്രാൻസ് കാഫ്കയു ടെ ലോകപ്രശസ്ത നോവലായ ദി മെറ്റമോർ ഫോസിസ് വർഷങ്ങളായി ക്രിസ് സ്വാൻഡനെ ആകർഷിക്കുകയും ഒടുവിൽ അത് ഒരു സിനിമയാക്കാനുള്ള തന്റെ സ്വപ്നം സാക്ഷാത്കരിക്കുകയും ചെയ്തു .

## ടോം ഒ ഹോർഗൻ റൈനോസെറോസ്)




ടോം ഒ ഹോർഗൻ ഒരു അമേരിക്കൻ നാടക-ചലച്ചിത്ര സംവിധായകനും സംഗീത സംവിധായകനും നടനും സംഗീതജ്ഞനുമായിരുന്നു. ഹെയർ, ജീസസ് ക്രൈസ്റ്റ് സൂപ്പർസ്റ്റാർ എന്നീ ഹിറ്റ് സംഗീത ചിത്രങ്ങളുടെ സഹസംവിധായകനെന്ന നിലയിൽ ബ്രോഡ്‌വേയിലെ പ്രവർത്തനത്തിലൂടെയാണ് അദ്ദേഹം കൂടുതൽ അറിയപ്പെടുന്നത്.പ്രതിഭാധനനായ ഗായകൻ ഫോസ്റ്ററാണ് ഒ ഹോർഗനെ നാടക പ്രവർത്തനങ്ങളിൽ പ്രോത്സാഹിപ്പിച്ചത്. ഒ ഹോർഗൻ, ഒരിക്കൽ ഗ്രേഡ് സ്കൂളിൽ, തന്റെ അധ്യാപകനോട് ഒരു സ്റ്റേജ് മാനേജരാകാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. പിതാവിന്റെ ഒരു പാവകളി തിയേറ്ററിൽ നാലാം ക്ലാസ് മുതൽക്കേ പങ്കെടുത്തിരുന്നു . അധ്യാപകനായ റോബർട്ട് ഷീഹാൻ, ഒ ഹൊർഗനെ ഹാൻസൽ ആൻഡ് ഗ്രെറ്റൽ എന്ന ഓപ്പറ പരിചയപ്പെടുത്തി. ഒ ഹൊർഗൻ, ഹാൻസലിന്റെ ഭാഗം പാടാൻ തുടങ്ങി. അന്നുമുതൽ, നാടകവും സംഗീതവും അദ്ദേഹത്തിന് പര്യായമായിരുന്നു.




ബിരുദം നേടിയ ശേഷം, ഒ ഹൊർഗൻ ചിക്കാഗോയിലെ ഡിപോൾ യൂണി വേഴ്സിറ്റിയിൽ ചേർന്നു.അവിടെ അദ്ദേഹം സംഗീത രചന പഠിക്കുകയും ഓപ്പറകൾ എഴുതുന്നതിൽ മുഴുകുകയും സ്വന്തമായി ഒരു ഓപ്പറ ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തു. അദ്ദേഹം ബി.എ.യും എം.എ.യും നേടി, ഡോക്ടറേറ്റിനായി പ്രവർത്തിക്കാൻ തുടങ്ങി. ഒടുവിൽ അദ്ദേഹം ന്യൂയോർക്ക് സിറ്റിയിലേക്ക് താമസം മാറി. പുരുഷ ക്വിന്റ്ററ്റിൽ പാടി. ചിക്കാഗോയിലേക്ക് മടങ്ങിയ ഒ ഹൊർഗൻ 1954 വരെ സെക്കൻഡ് സിറ്റി നാടക ഗ്രൂപ്പിലും 1955 മുതൽ 1959 വരെ ദി കോമ്പസ് പ്ലെയേഴ്സിലും പ്രവർത്തിച്ചു. അവിടെയായിരിക്കെ, വിവിധ പ്രൊഡക്ഷ നുകൾക്കായി ഒ ഹൊർഗൻ ഏകദേശം രണ്ട് ഡസനോളം സംഗീത സ്കോറുകൾ എഴുതി. തുടർന്ന് അദ്ദേഹം ഒരു വിചിത്രമായ നൈറ്റ്ക്ലബ് ആക്റ്റ് വികസിപ്പിച്ചെടുത്തു. അതിൽ അദ്ദേഹം കിന്നരം വായിക്കുകയും പാടുകയും ചെയ്തു.

1964-ൽ ജീൻ ജെനെറ്റിന്റെ ദി മെയ്ഡ്സ് ആയി രുന്നു അദ്ദേഹം സംവിധാനം ചെയ്ത ആദ്യ നാടകം. പിന്നീട് സാം ഷെപ്പേർഡിന്റെ യും ലാൻഫോർഡ് വിൽസണിന്റെയും ആദ്യകാല നാടകങ്ങൾ പ്രദർശിപ്പിക്കാൻ ഡെൻമാർക്കിലേക്ക് പോയ ലാ മാമാ ട്രൂപ്പിനെ അദ്ദേഹം നയിച്ചു. ലാ മാമായി ൽ 50 ഓളം പ്രൊഡക്ഷനുകൾ അദ്ദേഹം സംവിധാനം ചെയ്തു. ഫെർണാണ്ടോ അറബാലിന്റെ ദി ആർക്കിടെക്റ്റ് ആൻഡ് ദി എംപറർ ഓഫ് അസീറിയ , ഒരു ദ്വീപിലെ രണ്ട് പുരുഷ ന്മാരെക്കുറിച്ചുള്ള ഒരു സർറിയലിസ്റ്റ് നാടകം, പോൾ ഫോസ്റ്ററിന്റെ ടോം പെയ്ൻ, യു.എസ് വിപ്ലവ യുദ്ധ കഥാപാത്ര ത്തിന്റെ ജീവിതത്തെക്കുറിച്ചുള്ള ഒരു നാടകം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

യൂജിൻ അയോനെസ്കോയുടെ നാടകത്തെ ആസ്പദമാക്കി 1974-ൽ പുറത്തിറങ്ങിയ ഒരു അമേരിക്കൻ കോമഡി-നാടകമാണ് കാണ്ടാമൃഗം. ജീൻ വൈൽഡർ, സീറോ മോസ്റ്റൽ, കാരെൻ ബ്ലാക്ക് എന്നിവർ അഭിന യിച്ച ഈ നാടകം ടോം ഒ ഹോർഗൻ സംവിധാനം ചെയ്തു.

ഫ്രഡറിക് ഫോറസ്റ്റ്, സാലി കിർക്ക്ലാൻഡ്, ജെന്നിഫർ ഒനീൽ എന്നിവരോടൊപ്പം ഫൂട്ട് സിന്റെ സ്ക്രീൻ അഡാപ്റ്റേഷനായി ഒ ഹൊർഗൻ സംവിധാനം ചെയ്യുകയും രചിക്കുകയും ചെയ്തു . അങ്ങനെ സീറോ മോസ്റ്റൽ, ജീൻ വൈൽഡർ, കാരെൻ ബ്ലാക്ക് എന്നിവർ അഭിനയിച്ച യൂജിൻ അയനെ സ്കോയുടെ കാണ്ടാമൃഗത്തിന്റെ ചലച്ചിത്ര പ്പതിപ്പ് സംവിധാനം ചെയ്തു.



ഡൊണാൾഡ് സതർലാൻഡും എല്ലെൻ ബർസ്റ്റിനും അഭിനയിച്ച പോൾ മസുർസ്കിയുടെ അലക്സ് ഇൻ വർലാൻഡിന് ഒ. ഹോർഗൻ സംഗീതം നൽകി. കൂടാതെ, 1978-ൽ പുറത്തിറങ്ങിയ സാർജന്റ് പെപ്പറിന്റെ ലോൺലി ഹാർട്ട്സ് ക്ലബ് ബാൻഡ് ചിത്രത്തിനായി സ്റ്റേജ് പ്രൊഡക്ഷൻ ആവിഷ്കരിച്ചതിന്റെ ബഹുമതിയും അദ്ദേഹത്തിനുണ്ട്.

ലെന്നി, ഓഫ്-ബ്രോഡ്‌വേ നാടകങ്ങളായ ഫ്യൂട്സ്! (1969), ടോം പെയ്ൻ (1968) എന്നിവയുടെ സംവിധാനത്തിന് ഒ ഹോർഗന് മൂന്ന് ഡ്രാമ ഡെസ്ക് അവാർഡുകൾ ലഭിച്ചു . കൂടാതെ 1968-ൽ ന്യൂസ് വീക്കിന്റെ തിയേറ്റർ , ഡയറക്ടർ ഓഫ് ദി ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടു.1967-ൽ മികച്ച ഓഫ്-ബ്രോഡ്‌വേ സംവിധായകനുള്ള ഒബി അവാർഡും 1968-ൽ ക്രിയേറ്റീവ് ആർട്സിനുള്ള ബ്രാൻഡീസ് അവാർഡും അദ്ദേഹത്തിന് ലഭിച്ചു. 1969-ൽ, ഹെയറിന്റെ സംഗീത സംവിധായകനുള്ള ടോണി അവാർഡിന് അദ്ദേഹം നാമനിർദ്ദേശം ചെയ്യപ്പെട്ടു. 2006-ൽ, ന്യൂയോർക്ക് ഇന്നൊവേറ്റീവ് തിയേറ്റർ അവാർഡുകളിൽ നിന്ന് ഒ. ഹോർഗന് ആർട്ടിസ്റ്റിക് അച്ചീവ്മെന്റ് അവാർഡ് ബെൻ വെറീൻ സമ്മാനിച്ചു.

അൽഷിമേഴ്സ് രോഗം പിടിപെട്ടഅദ്ദേഹത്തിന് 2007 ആയപ്പോഴേക്കും കട ബാധ്യതയേറി. സ്വയം പരിപാലിക്കാൻ കഴിയാത്ത അവസ്ഥയിലായിരുന്നു. തുടർന്ന് സുഹൃത്തുക്കളായ മാർക്കിന്റെയും ജൂലിയ കോഹന്റെയും സംരക്ഷണയിലായി. അദ്ദേഹത്തിന്റെ വാസസ്ഥലവും ഉപകരണങ്ങളുടെ ശേഖരവും വിറ്റു. ഫ്ലോറിഡയിലെ വെനീസിലേക്ക് താമസം മാറി. അവിടെ അദ്ദേഹം 2009 ജനുവരി 11-ന് നിര്യാതനായി. സുഹൃത്തുക്കളുടെ ഒരു ചെറിയ സംഘം അദ്ദേഹത്തിന്റെ ചിതാഭസ്മം സാൻ ഫ്രാൻസിസ്കോ ഉൾക്കടലിൽ വിതറി.




September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV



# ദി പ്ലേഗ് (The Plague/ Albert Camus)



വിനോദ്കുമാർ. പി
(ഫിൽക്ക)




വിശ്വസാഹിത്യകാരൻ ആൽബർട്ട് കാമുവിന്റെ ലാ പെസ്റ്റെ ( The Plague/ 1947 ) എന്ന നോവലിനെ അടിസ്ഥാനമാക്കി ലൂയിസ് പ്യൂൻ സോ സംവിധാനം ചെയ്ത് 1992-ൽ പുറത്തിറങ്ങിയ ചലച്ചിത്രമാണ് ദി പ്ലേഗ്. തൊണ്ണൂറുകളിൽ ഒരു തെക്കേ അമേരിക്കൻ നഗരത്തെ പ്ലേഗ് എന്ന മഹാമാരി വിഴുങ്ങുന്നതാണ് ഈ സിനിമയുടെ ഇതിവൃത്തം.

ഡോ. ബെർണാഡ് റിയക്സ് എന്ന പ്രധാന കഥാപാത്രം ആഖ്യാനം ചെയ്യുന്ന രീതിയിലാണ് സിനിമ ആരംഭിക്കുന്നത്.
ഒറാൻ നഗരത്തിൽ എലികൾ കൂട്ടത്തോടെ ചത്തൊടുങ്ങി. അധികം താമസിയാതെ ഹിസ്റ്റീരിയ റിപ്പോർട്ട് ചെയ്യുന്നു. ഡോ. ബെർണാഡ് റിയക്സ് തന്റെ കെട്ടിടത്തിലെ ഒരു കൺസേർജ് പനി ബാധിച്ച് മരിച്ചു എന്ന് മനസ്സിലാക്കുകയും രോഗത്തെ കുറിച്ച് സഹപ്രവർത്തകനോട് കൂടിയാലോചിക്കുകയും ചെയ്യുന്നു. തുടർന്ന് പ്ലേഗ് നഗരത്തിൽ പടർന്നു പിടിക്കുകയാണെന്ന് നിഗമനം നടത്തുകയും അധികാരികളെ സമീപിക്കുകയും ചെയ്യുന്നു.
പക്ഷേ സ്ഥിതി ഗുരുതരമാണെന്ന് അംഗീകരിക്കാൻ തുടക്കത്തിൽ അധികാരികൾ വൈമുഖ്യം പ്രകടിപ്പിക്കുന്നു. മരണസംഖ്യ ഉയരുന്നു. നഗരം ക്വാറന്റീൻ ചെയ്യപ്പെടുകയും പകർച്ചവ്യാധി ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നു. പലരും നഗരം വിട്ട് പലായനം ചെയ്യാൻ ശ്രമിക്കുമ്പോൾ, ഡോ. ബെർണാഡ് റിയക്സ് പ്ലേഗ് ഇരകളെ പരിചരിക്കാൻ പരമാവധി ശ്രമിക്കുന്നു.

പ്ലേഗ് ബാധിച്ച് മരിച്ചവരുടെ ശവസംസ്കാര ചടങ്ങുകൾ വളരെ വേഗത്തിലാണ് നടത്തുന്നത്. പകർച്ചവ്യാധിയോടൊപ്പം തന്നെ നഗരത്തിൽ അക്രമവും കൊള്ളയും പൊട്ടിപ്പുറപ്പെടുന്നു. ഇത് അധികാരികളെ സൈനിക നിയമം പ്രഖ്യാപിക്കാനും കർഫ്യൂ ഏർപ്പെടുത്താനും ഇടയാക്കുന്നു. അവസാനഭാഗത്ത് അക്രമം നേരിടാനെത്തിയ ഡോക്ടർക്ക് പരിക്കേൽക്കുന്നുണ്ടെങ്കിലും അദ്ദേഹം രക്ഷപ്പെടുന്നു.

ഓരോ തരം ആളുകൾക്കും പ്ലേഗ് വ്യത്യസ്ത രീതിയിലാണ് അനുഭവപ്പെടുന്നത് എന്ന് ഈ ചിത്രം ചൂണ്ടികാണിക്കുന്നു. ഡോക്ടർമാർക്ക് ഇത് ചികിത്സിക്കേണ്ട ഒരു രോഗമാണ്. പത്രപ്രവർത്തകർക്ക് ഈ രോഗം ഒരു ബ്രേക്കിംഗ് ന്യൂസ് ആണ്. മതനേതാക്കളെ സംബന്ധിച്ചിടത്തോളം ഈ രോഗം പാപങ്ങൾക്കുള്ള ശിക്ഷയാണ്.

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV




സാമൂഹിക അർത്ഥവും പ്ലേഗ് നൽകുന്നു. വ്യവസ്ഥാപിത തത്ത്വചിന്തയെ അദ്ദേഹം അവഗണിച്ചു . യുക്തിവാദത്തിൽ വലിയ വിശ്വാസമില്ലായിരുന്നു. തന്റെ പ്രധാന ആശയങ്ങളെ കലാപരമായി രൂപകങ്ങളി ൽ അവതരിപ്പിച്ചു. വ്യക്തിപരമായ അനുഭവങ്ങളിൽ മുഴുകി. മരണത്തെ അഭിമുഖീകരിക്കുന്ന ജീവിതത്തിന്റെ അർത്ഥം അന്വേഷിച്ചു.

വിശ്വസാഹിത്യ പരിണാമത്തിന്റെ ഫലമായി പരമ്പരാഗത സാഹിത്യ മാതൃകയെ വെല്ലു വിളിച്ചുകൊണ്ട് പാശ്ചാത്യ - യൂറോപ്യൻ ഭാഷകളിൽ നിന്നും ഇതര സംസ്കാര ങ്ങളിൽ നിന്നുമുള്ള അനേകം കൃതികൾ പുറത്തിറങ്ങി വിപ്ലവം സൃഷ്ടിച്ചു.അനന്തരം സാഹിത്യ സൃഷ്ടിയിലും അവയുടെ സ്വീകരണത്തിലും ആഗോള കൃതി കളുടെ സ്വാധീനം തിരിച്ചറിയുകയും അതിർത്തികൾക്കപ്പുറമുള്ള ആശയങ്ങളു ടെയും കലാപരമായ ശൈലികളുടെയും സവിശേഷതയെ അംഗീകരിക്കുകയും ചെയ്തു.

ഇവിടെ ആൽബർട്ട് കാമു ഒരു ഫിലോ സഫിക്കൽ രീതിയിൽ ആണ് ദി പ്ലേഗ് എഴുതിയിരിക്കുന്നത്. നോവലിൽ പരാമർശിക്കുന്ന ബ്യൂബോണിക് പ്ലേഗ് പല വിഷയങ്ങളുടെയും പ്രതീകമാണ്: കഠിനവും അർത്ഥശൂന്യവുമായ പ്രപഞ്ചം, മനുഷ്യാവസ്ഥ അല്ലെങ്കിൽ യുദ്ധം - ഇവയുടെ എല്ലാം അനന്തരഫലം യാതനകളും മരണവും എന്നാണ് അർത്ഥമാക്കുന്നത്. പൊതുവെ മനുഷ്യർ അന്തർലീനമായി നല്ലവരും സമൂഹത്തെ പിന്തുണയ്ക്കാൻ ഒരുമിച്ച് പ്രവർത്തിച്ചാൽ, ഏറ്റവും തീവ്രമായ സാഹചര്യങ്ങളിൽ പോലും അതിജീവിക്കാൻ കഴിയും എന്ന



അസ്തിത്വവാദത്തിൽ നിന്ന് വേർപിരി ഞ്ഞെങ്കിലും, ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും അറിയപ്പെടുന്ന അസ്തിത്വവാദ ചോദ്യങ്ങളിലൊന്ന് കാമു ഉന്നയിച്ചു. അതാണ് ദി മിത്ത് ഓഫ് സിസിഫസ് എന്ന കൃതിയിലുള്ളത്. അസംബ ന്ധത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ തത്ത്വചിന്ത മനുഷ്യന്റെ വിധിയുടെ ശ്രദ്ധേയമായ ഒരു രൂപകമാണ്. സിസിഫസ് പുരാണത്തിൽ സിസിഫസ് തന്റെ പാറക്കല്ലിനെ മലമുകളിലേക്ക് തള്ളിയുരുട്ടി കയറ്റുന്നു. പക്ഷേ ഓരോ തവണയും അദ്ദേഹം മുകളിലേക്ക് കയറ്റുമ്പോൾ അത് താഴേക്ക് ഉരുളുന്നത് കണ്ടു ചിരിക്കുന്നു .

കാമുവിന്റെ തത്ത്വചിന്ത ദി റെബൽ എന്ന കൃതിയിൽ രാഷ്ട്രീയരൂപം പ്രാപിക്കുന്നു. പത്രങ്ങളിലെ എഡിറ്റോറിയലുകൾ,രാഷ്ട്രീയ ഉപന്യാസങ്ങൾ, നാടകങ്ങൾ, കഥനങ്ങൾ എന്നിവ അദ്ദേഹത്തെ ഒരു മികച്ച സന്മാർഗി യാക്കുന്നു. സമൂഹത്തെ ഭരിക്കുന്ന ഭരണകൂടം ഏതായാലും നന്മയുള്ളവൻ ജനപക്ഷത്ത് നിൽക്കും. അതിനാൽ അയാൾ എപ്പോഴും ഏകാകിയായ പ്രതിപക്ഷമായിരിക്കും. സ്വാഭാവിക മായും റെബൽ ആയിരിക്കുകയും ചെയ്യും. ലോകചരിത്രത്തിലെ മികച്ച കലാകാരന്മാരും എഴുത്തുകാരും സംവിധാ യകരും അങ്ങനെ എപ്പോഴും ഒരു റെബൽ ആയിരുന്നു. അവർ മനുഷ്യനന്മയക്ക് വേണ്ടിയുള്ള , സ്വതന്ത്രമായ എതിർ ശബ്ദ മായിരുന്നു.

ആൽബർട്ട് കാമുവിൻെറ സ്വതന്ത്രചിന്ത സുഹൃത്ത് ജീൻ-പോൾ സാർത്രുമായു ള്ള ആശയ സംഘർഷത്തിന് വഴിയൊ രുക്കിയിട്ടുണ്ട്. അത് ശീതയുദ്ധ കാലഘട്ടത്തിലെ പ്രധാന രാഷ്ട്രീയ-ബൗദ്ധിക വൈരുദ്ധ്യങ്ങൾ മൂലമായിരുന്നു. കാമ്യൂവും സാർത്രും യഥാക്രമം സ്വേച്ഛാധി പത്യ ഭരണകൂട കമ്മ്യൂണിസ്റ്റ് വിരുദ്ധ സ്വതന്ത്ര ഇടതുപക്ഷത്തിന്റെയും ഔദ്യോഗിക കമ്മ്യൂണിസ്റ്റ് അനുകൂല ഇടതുപക്ഷത്തിന്റെയും മുൻനിര ബൗദ്ധിക ശബ്ദങ്ങളായി അവർ നിലകൊണ്ടു . ആൽബർട്ട് കാമു നിരന്തരം തത്ത്വചിന്താ പരമായ ഇടപെടലുകൾ നടത്തി. ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരുന്നു. അവയ്ക്ക് ഉത്തരം നൽകുകയും ചെയ്തു പോന്നു. പലപ്പോഴും മതത്തെയും ദിവ്യജ്ഞാനത്തെയും ജഡില മാർക്സിസ്റ്റ് പദ്ധതികളെയും വിമർശിച്ചു.1957 ൽ ആൽബർട്ട് കാമുവിന് 44 -)o വയസിൽ നോബൽ പ്രൈസ് ലഭിച്ചു. The Stranger , The Myth of Sisyphus, The Fall , The Rebel എന്നിവയാണ് പ്രധാന കൃതികൾ.

വില്യം ഹർട്ട്, സാൻഡ്രിൻ ബോണയർ, റോബർട്ട് ഡുവാൽ, റൗൾ ജൂലിയ എന്നി വരാണ് ഈ ചിത്രത്തിലെ പ്രധാന അഭിനേ താക്കൾ. 49-ാമത് വെനീസ് അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ ഈ ചിത്രം മത്സരവിഭാ ഗത്തിൽ പ്രദർശിപ്പിച്ചു.

വിശ്വ സാഹിത്യവും വിശ്വ സിനിമയും എന്ന ചലച്ചിത്രമേള പരമ്പരയുടെ നാലാം ഭാഗം ആൽബർ കാമുവിൻെറ പ്ലേഗ്, ഫ്രാൻസ് കാഫ്കയുടെ മെറ്റമോർഫോസിസ് , യൂജിൻ അയനെ സ്കോയുടെ റൈനോസെറോസ് എന്നീ കൃതികൾ ആസ്പദമാക്കിയുള്ള സിനിമകളാണ് പ്രദർശിപ്പിക്കുന്നത്.



September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV



# ആൽബേർ കാമു ( Albert Camus )



**ഡോ . ഗിഫ്റ്റി എൽസ വർഗീസ്**
( സിനി -എക്സ് ഫിലിം ക്ലബ് ,
സെന്റ് സേവിയേഴ്സ് കോളേജ് , തുമ്പ )



1957-ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ച ആൽബേർ കാമു 1913 ൽ അൾജീരിയായിലെ മൊണ്ടോവിയിൽ ജനിച്ചു .മരണം 1960 ൽ ഫ്രാൻസിലെ സെൻസിൽ വെച്ച . ഒരു ഫ്രഞ്ച് നോവലിസ്റ്റ്, ഉപന്യാസകാരൻ, നാടകകൃത്ത് എന്നീ നിലകളിൽ പ്രവർത്തിച്ചു ദി സ്ട്രേഞ്ചർ (1942) , ദി പ്ലേഗ് (1947 ), ദി ഫാൾ (1956) തുടങ്ങിയ നോവലുകൾക്കും ഇടതുപക്ഷ ലക്ഷ്യങ്ങളിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനത്തിനും ലോകപ്രസിദ്ധൻ .

ആൽബേർ കാമുവിന്റെ ദി പ്ലേഗ് എന്ന നോവൽ പലപ്പോഴും രണ്ടാം ലോകമഹായുദ്ധ സമയത്ത് ഫ്രാൻസിലെ നാസി അധിനിവേശത്തിന്റെ ഒരു ഉപമയായി വ്യാഖ്യാനിക്കപ്പെടുന്നു. ഇത് ഫ്രഞ്ച് പ്രതിരോധത്തിലെ കാമുവിന്റെ സ്വന്തം അനുഭവങ്ങളെ പ്രതിഫലിപ്പിക്കുന്നു. വലിയ പ്രതിസന്ധിയോടുള്ള ഒരു സമൂഹത്തിന്റെ പ്രതികരണത്തെക്കുറിച്ചുള്ള നോവലിന്റെ ചിത്രീകരണം, അസ്തിത്വ ഭീഷണി നേരിടുന്നതിൽ മനുഷ്യന്റെ പ്രതിരോധ ശേഷിയെയും ഐക്യദാർഢ്യത്തെയും കുറിച്ചുള്ള വിശാലമായ വ്യാഖ്യാനമായും കാണാൻ കഴിയും. പ്രപഞ്ചം ആന്തരാർത്ഥത്തിൽ അർത്ഥശൂന്യമാണെന്നും ക്രമമില്ലാത്ത ഒരു ലോകത്ത് മനുഷ്യർ സ്വന്തം പാത കണ്ടെത്തണമെന്നും വാദിക്കുന്ന കാമുവിന്റെ അസംബന്ധ തത്ത്വചിന്തയാണ് നോവലിന്റെ കേന്ദ്ര ബിന്ദു. നോവലിലെ ബ്യൂബോണിക് പ്ലേഗ് മനുഷ്യർ സഹിക്കേണ്ടിവരുന്ന ഏകപക്ഷീയമായ കഷ്ടപ്പാടുകളെയും മരണത്തെയും പ്രതീകപ്പെടുത്തുന്നു. ഇത് അസ്തിത്വത്തിന്റെ കഠിനമായ യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നു. മരണത്തിന്റെയും കഷ്ടപ്പാടുകളുടെയും അമിതമായ സാന്നിധ്യം ഉണ്ടായിരുന്നിട്ടും, കഥാപാത്രങ്ങൾ പ്ലേഗിനെതിരെ നിസ്വാർത്ഥമായി പോരാടുമ്പോൾ വീരത്വത്തിന്റെയും ധിക്കാരത്തിന്റെയും പ്രവൃത്തികളെയും നോവൽ എടുത്തു കാണിക്കുന്നു.

കഥാപാത്രങ്ങൾ അവരുടെ സാഹചര്യം മനസ്സിലാക്കാനും മറ്റുള്ളവരുമായി ബന്ധപ്പെടാനും ശ്രമിക്കുമ്പോൾ , ദുരന്തത്തെ അഭിമുഖീകരിക്കുമ്പോൾ ഭാഷയുടെയും ആശയവിനിമയത്തിന്റെയും ശക്തിയെ കഥ ഊന്നിപ്പറയുന്നു.

പ്ലേഗ് ശാരീരികവും വൈകാരികവുമായ നാടു കടത്തലിന് കാരണമാകുന്നു. പൗരന്മാരെ കുടുക്കുകയും പ്രിയപ്പെട്ടവരിൽ നിന്ന് അവരെ വേർപെടുത്തുകയും ചെയ്യുന്നു. ഇത് പ്രതിസന്ധി ഘട്ടങ്ങളിൽ ഒറ്റപ്പെടലിന്റെ വികാരങ്ങളെ പ്രതിഫലിപ്പിക്കുന്നു.


തത്ത്വചിന്തയോടുള്ള കാമുവിന്റെ സമീപനത്തിൽ വൈരുദ്ധ്യാത്മക ഘടകങ്ങളുണ്ട്. തന്റെ ദൈർഘ്യമുള്ള ഉപന്യാസമായ ദി മിത്ത് ഓഫ് സിസിഫസിൽ, തത്ത്വചിന്തയെത്തന്നെ നേരിടുന്ന തത്ത്വചിന്ത കാമു അവതരിപ്പിക്കുന്നു. ഈ ഉപന്യാസം അസ്തിത്വവാദത്തിന്റെ ദാർശനിക പാരമ്പര്യത്തിൽ പെട്ടതാണ്. എന്നാൽ കാമു ഒരു അസ്തിത്വവാദിയല്ലെന്ന്



നിഷേധിക്കുന്നുമുണ്ട്. സിസിഫസിന്റെ മിത്തും അദ്ദേഹത്തിന്റെ മറ്റൊരു ദാർശനിക കൃതിയായ ദി റെബലും ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള നിഗമനങ്ങളെ സംശയിക്കുന്നു. എന്നിരുന്നാലും രണ്ട് കൃതികളും എങ്ങനെ ജീവിക്കണം എന്നതിനെക്കുറിച്ചുള്ള പ്രധാന ചോദ്യങ്ങൾക്ക് സാധുവായ ഉത്തരങ്ങൾ നൽകുന്നു.

തന്റെ ബൗദ്ധിക അഭിലാഷങ്ങൾ വിവരിക്കുമ്പോൾ കാമു എളിമയുള്ളവനായി തോന്നുമെങ്കിലും ഒരു തത്ത്വചിന്തകനെന്ന നിലയിൽ സ്വന്തം തത്ത്വചിന്ത മാത്രമല്ല, മതത്തെക്കുറിച്ചുള്ള ഒരു വിമർശനവും ആധുനികതയുടെ അടിസ്ഥാന വിമർശനവും വ്യക്തമാക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. ഒരു ദാർശനിക വ്യവസ്ഥയുടെ ആശയം തന്നെ നിരാകരിക്കുമ്പോൾ, തന്നെ പ്രചോദിപ്പിച്ച ജീവിത-മരണ പ്രശ്നങ്ങൾ പരിഹരിക്കാൻ , അസംബന്ധം, കലാപം എന്നീ പ്രധാന പദങ്ങളെ ചുറ്റിപ്പറ്റിയാണ് കാമു സ്വന്തം ആശയങ്ങളുടെ യഥാർത്ഥ കോട്ട നിർമ്മിച്ചത്. കാമുവിന്റെ തത്ത്വചിന്തയിൽ ഉയർന്നുവരുന്ന അടിസ്ഥാന വിരോധാഭാസം അദ്ദേഹത്തിന്റെ അസംബന്ധത്തെക്കുറിച്ചുള്ള സങ്കൽപ്പത്തെക്കുറിച്ചാണ്. തത്ത്വചിന്ത അത്ഭുതത്തിൽ നിന്നാണ് ആരംഭിക്കുന്നത് എന്ന അരിസ്റ്റോട്ടിലിയൻ ആശയം അംഗീകരിക്കുന്ന കാമു, അസ്തിത്വ ത്തിന്റെ അർത്ഥമെന്താണ്? എന്ന ചോദ്യം ചോദിക്കുന്നതിൽ നിന്ന് മനുഷ്യർക്ക് രക്ഷപ്പെടാൻ കഴിയില്ലെന്ന് വാദിക്കുന്നു.

എന്നിരുന്നാലും, ഈ ചോദ്യത്തിന് ഒരു ഉത്തരമില്ലെന്ന് കാമു തന്നെ നിഷേധിക്കുകയും മതിയായ ഉത്തരം നൽകുന്ന എല്ലാ ശാസ്ത്രീയ, ടെലിയോളജിക്കൽ, മെറ്റാഫിസിക്കൽ, അല്ലെങ്കിൽ മനുഷ്യൻ



സൃഷ്ടിച്ച നിർമ്മിതികളെയും നിരസിക്കു കയും ചെയ്യുന്നു.

മനുഷ്യർ അനിവാര്യമായും ജീവിതത്തിന്റെ ഉദ്ദേശ്യം മനസ്സിലാക്കാൻ ശ്രമിക്കുന്നു വെന്ന് അംഗീകരിക്കുന്നു. പക്ഷെ, പ്രകൃതി, ലോകം, പ്രപഞ്ചം, മനുഷ്യ സൃഷ്ടികൾ എന്നിവ അത്തരമൊരു സങ്കൽപ്പത്തെ ക്കുറിച്ച് മൗനം പാലിക്കുന്നു എന്ന സംശയാസ്പദമായ നിലപാട് കാമു സ്വീകരിക്കുകയും ചെയ്യുന്നു.

അസ്തിത്വത്തിന് തന്നെ അർത്ഥമില്ലാത്ത തിനാൽ, പരിഹരിക്കാനാവാത്ത ഒരു ശൂന്യത സഹിക്കാൻ നാം പഠിക്കണം. അപ്പോൾ, ആത്യന്തിക ചോദ്യങ്ങൾ ചോദിക്കാനുള്ള നമ്മുടെ പ്രേരണയ്ക്കും മതിയായ ഉത്തരം നേടാനുള്ള അസാധ്യത യ്ക്കും ഇടയിലുള്ള വിരോധാഭാസ സാഹചര്യത്തെയാണ് കാമു അസംബന്ധം എന്ന് വിളിക്കുന്നത്.

ഈ അടിസ്ഥാന വിരോധാഭാസത്തിൽ നിന്ന് ഉണ്ടാകുന്ന അനന്തരഫലങ്ങളെയാണ് കാമുവിന്റെ അസംബന്ധത്തെക്കുറിച്ചുള്ള തത്ത്വചിന്ത പരിശോധിക്കുന്നത്. കാമുവിന്റെ ആദ്യ നോവലായ ദി സ്ട്രേഞ്ചർ പ്രസിദ്ധീ കരിച്ചതിനു തൊട്ടുപിന്നാലെയാണ് അസംബന്ധത്തെയും ആത്മഹത്യയെയും കുറിച്ചുള്ള ധ്യാനം.വ്യക്തിഗത അനുഭവങ്ങളെ കേന്ദ്രീകരിച്ചുള്ളതും, അതിലെ നായകൻ അൾജിയേഴ്സിലെ ഒരു കടൽത്തീരത്ത് ഒരു അറബിയെ കൊലപ്പെടുത്തിയതും, ഗില്ലറ്റിൻ ഉപയോ ഗിച്ച് വധശിക്ഷയ്ക്ക് വിധേയമാകുന്നതും ഇതിന്റെ പ്രമേയമാണ്.
ഈ അസംബന്ധ നോവലിസ്റ്റ് ഒരു രാഷ്ട്രീയ പ്രവർത്തകനും കൂടിയായിരുന്നു. 1930 കളുടെ മധ്യത്തിൽ ഫ്രഞ്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അൾജീരിയൻ ശാഖയിൽ അംഗമായിരുന്നു അദ്ദേഹം. അവന്റ്-ഗാർഡ്, രാഷ്ട്രീയ നാടകങ്ങൾ അവതരിപ്പിച്ചിരുന്ന ഒരു അൾജിയേഴ്സ് നാടക കമ്പനിയുടെ സംഘാടകനും ഒരു പത്രപ്രവർത്തകനു മായിരുന്നു.


കാമു ജനിച്ച് ഒരു വർഷത്തിനുള്ളിൽ, ഒരു സാധാരണ തൊഴിലാളിയായ പിതാവ് ഒന്നാം ലോകമഹായുദ്ധത്തിൽ കൊല്ലപ്പെട്ടു. സ്പാനിഷ് വംശജയായ അദ്ദേഹത്തിന്റെ അമ്മ കുടുംബം പോറ്റാൻ വീട്ടുജോലികൾ ചെയ്തു. കാമുവും മൂത്ത സഹോദരൻ ലൂസിയനും അമ്മയോടൊപ്പം അൾജിയേ ഴ്സിലെ ഒരു തൊഴിലാളിവർഗ മേഖലയി ലേക്ക് താമസം മാറി. അവിടെ മൂവരും മുത്തശ്ശിയും തളർവാതരോഗിയായ അമ്മാവനും ചേർന്ന് രണ്ട് മുറികളുള്ള ഒരു അപ്പാർട്ട്മെന്റിൽ താമസിച്ചു.

1918-ൽ, കാമു പ്രൈമറി സ്കൂളിൽ ചേർന്നു. 1923-ൽ അൾജിയേഴ്സ് ഹൈസ്കൂൾ സ്കോളർഷിപ്പ് നേടാൻ കഴിഞ്ഞു.തുടർന്ന് ബൗദ്ധിക ഉണർവിന്റെ ഒരു കാലഘട്ടം. കായികരംഗത്ത്, പ്രത്യേകിച്ച് ഫുട്ബോൾ (സോക്കർ), നീന്തൽ, ബോക്സിംഗ് എന്നി വയോട് വലിയ ആവേശമായിരുന്നു . എന്നിരുന്നാലും, 1930-ൽ, ക്ഷയരോഗബാധ കായിക ജീവിതത്തിന് അന്ത്യം കുറിച്ചു . പഠനത്തെ തടസ്സപ്പെടുത്തുകയും ചെയ്തു.

15 വർഷമായി വസിച്ചുപോന്ന തന്റെ അപ്പാർട്ട്മെന്റ് ഉപേക്ഷിക്കേണ്ടിവന്നു. ഒരു അമ്മാവനോടൊപ്പം കുറച്ച് കാലം ചെലവഴിച്ചതിനുശേഷം, കാമു സ്വന്ത

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV






മായി താമസിക്കാൻ തീരുമാനിച്ചു. അൾജിയേഴ്സ് സർവകലാശാലയിൽ തത്ത്വചിന്ത വിദ്യാർത്ഥിയായി രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ വിവിധ ജോലികൾ ചെയ്തു. യൂണിവേഴ്സിറ്റിയിൽ, കാമുവിന്റെ അദ്ധ്യാപകരിൽ ഒരാളായ ജീൻ ഗ്രെനിയറു ടെ സ്വാധീനം കാമുവിനെ വളരെയധികം സ്വാധീനിച്ചു. സാഹിത്യപരവും ദാർശനി കവുമായ ആശയങ്ങൾ വികസിപ്പിക്കാൻ അദ്ദേഹം സഹായിച്ചു.

പ്ലോട്ടിനസിന്റെയും സെന്റ് അഗസ്റ്റിന്റെയും ദാർശനിക രചനകളിൽ ഗ്രീക്ക്, ക്രിസ്ത്യൻ ചിന്തകൾ തമ്മിലുള്ള ബന്ധത്തെക്കുറി ച്ചുള്ള ഒരു പ്രബന്ധത്തിന് 1936-ൽ അദ്ദേഹം ഡിപ്ലോം ഡിഎറ്റുഡ്സ് സുപ്പീരിയേഴ്സ് എന്ന പദവി നേടി.

ക്ഷയരോഗത്തിന്റെ ആക്രമണം മൂലം സർവകലാശാലാ ജീവിതം അവസാനിച്ചു. ആരോഗ്യം വീണ്ടെടുക്കാൻ, അദ്ദേഹം ഫ്രഞ്ച് ആൽപ്സിലെ ഒരു റിസോർ ട്ടിലേക്ക് പോയി . യൂറോപ്പിലേക്കുള്ള അദ്ദേഹത്തിന്റെ ആദ്യ സന്ദർശനം . ഒടുവിൽ ഫ്ലോറൻസ്, പിസ, ജെനോവ വഴി അൾജിയേഴ്സിലേക്ക് മടങ്ങി.

1930-കളിൽ കാമു തന്റെ താൽപ്പര്യങ്ങൾ വിശാലമാക്കി. ആൻഡ്രെ ഗൈഡ്, ഹെൻറി ഡി മോന്തർലാന്റ്, ആൻഡ്രെ മാൽറോക്സ് തുടങ്ങിയ അക്കാലത്തെ എഴുത്തുകാരെ അദ്ദേഹം വായിച്ചു. അൾജിയേഴ്സിലെ യുവ ഇടതുപക്ഷ ബുദ്ധിജീവികളിൽ പ്രമുഖനായി.1934-35 കാലഘട്ടത്തിൽ അദ്ദേഹം അൾജീരിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിലും അംഗമായി. കൂടാതെ, തൊഴിലാളിവർഗ പ്രേക്ഷകരിലേക്ക് മികച്ച നാടകങ്ങൾ എത്തിക്കുക എന്ന ലക്ഷ്യത്തോടെ തൊഴിലാളികളുടെ തിയേറ്റർ എന്ന സ്ഥാപനത്തിനുവേണ്ടി അദ്ദേഹം നാടകങ്ങൾ എഴുതി. അതിൽ അഭിനയിച്ചു. മരണം വരെ അദ്ദേഹം നാടകത്തോട് ആഴമായ സ്നേഹം നിലനിർത്തി.

കാമുവിന്റെ ആദ്യത്തെ പ്രസിദ്ധീകരിച്ച ഉപന്യാസ സമാഹാരമായ ദി റോംഗ് സൈഡ് ഓഫ് ദി റൈറ്റ് സൈഡ് (937) , ആദ്യകാല ഭൗതിക പശ്ചാത്തലം വിവരിക്കുന്നു. കൂടാതെ അദ്ദേഹത്തിന്റെ അമ്മയുടെയും മുത്തശ്ശിയുടെയും അമ്മാവന്റെയും ഛായാചിത്രങ്ങളും ഇതിൽ ഉൾപ്പെടുന്നു.

രണ്ടാമത്തെ ഉപന്യാസ സമാഹാരമായ വിവാഹങ്ങൾ ( 138), അൾജീരിയൻ ഗ്രാമ പ്രദേശങ്ങളെക്കുറിച്ചുള്ള തീവ്രമായ ഗാനാത്മക ധ്യാനങ്ങൾ ഉൾക്കൊള്ളുന്നു. കൂടാതെ വളരെ ദരിദ്രർക്ക് പോലും ആസ്വദിക്കാൻ കഴിയുന്ന സമ്പത്തിന്റെ ഒരു രൂപമായി പ്രകൃതി സൗന്ദര്യത്തെ അവതരിപ്പിക്കുന്നു. രണ്ട് സമാഹാരങ്ങളും മനുഷ്യരുടെ ദുർബലമായ മരണ സാഹചര്യത്തെ, ഭൗതിക ലോകത്തിന്റെ നിലനിൽക്കുന്ന സ്വഭാവവുമായി താരതമ്യം ചെയ്യുന്നു.
വിരോധാഭാസമെന്നു പറയട്ടെ, അദ്ദേഹ ത്തിന്റെ നാടകങ്ങൾ അദ്ദേഹത്തിന്റെ

സാഹിത്യ സൃഷ്ടികളിൽ ഏറ്റവും കുറച്ച് മാത്രം പ്രശംസ നേടിയവയാണ്. എന്നിരുന്നാലും 1944 ലും 1945 ലും ആദ്യമായി നിർമ്മിച്ച ക്രോസ് പർപ്പസ് , കലിഗുല എന്നിവ അബ്സർഡ് തിയേറ്ററിൽ ശ്രദ്ധേയമാണ്. നാടകത്തിന് അദ്ദേഹം നൽകിയ ഏറ്റവും മികച്ച സംഭാവനകളിൽ രണ്ടെണ്ണം, വില്യം ഫോക്ക്നറുടെ റെക്വിയം ഫോർ എ നൺ ( 1956), ഫ്യോദർ ദസ്തയേവ്സ്കിയുടെ ദി പോസസ്ഡ് (1959) എന്നിവയുടെ അവതരണ രൂപങ്ങൾ ആയിരിക്കാം .

ഫ്രാൻസ് അധിനിവേശത്തിന്റെ അവസാന വർഷങ്ങളിലും വിമോചനത്തിനു ശേഷമുള്ള തൊട്ടുപിന്നാലെയുള്ള കാലഘട്ടത്തിലും ഒരു പത്രപ്രവർത്തകൻ എന്ന നിലയിൽ അദ്ദേഹത്തിന് ഏറ്റവും കൂടുതൽ സ്വാധീനം ഉണ്ടായിരുന്നു. പ്രധാനമായും കാമു നടത്തിയിരുന്ന റെസിസ്റ്റൻസ് ന്യൂസ്ഷീറ്റിന്റെ പിൻഗാമിയായ പാരീസ് ദിനപത്രമായ കോംബാറ്റിന്റെ എഡിറ്റർ എന്ന നിലയിൽ. നീതിയുടെയും സത്യത്തിന്റെയും ആദർശങ്ങളിലും എല്ലാ രാഷ്ട്രീയ പ്രവർത്തനങ്ങൾക്കും ഉറച്ച ധാർമ്മിക അടിത്തറ ഉണ്ടായിരിക്കണമെന്ന വിശ്വാസമുണ്ടായിരുന്നു . ഒരു സ്വതന്ത്ര ഇടതുപക്ഷ



നിലപാട് അദ്ദേഹം നിലനിർത്തി . പിന്നീട്, ഇടതുപക്ഷവും വലതുപക്ഷവും പഴയ രീതി തുടരുന്നതിൽ നിരാശിതനായി . 1947-ൽ അദ്ദേഹം കോംബാറ്റുമായുള്ള ബന്ധം വിച്ഛേദിച്ചു.

യുദ്ധത്തിന് മുമ്പ് ആരംഭിച്ച് 1942-ൽ പ്രസിദ്ധീകരിച്ച ആദ്യ നോവലായ ദി സ്ട്രേഞ്ചർ (ബ്രിട്ടീഷ് തലക്കെട്ട് - ദി ഔട്ട്സൈഡർ), ഇരുപതാം നൂറ്റാണ്ടിലെ അന്യവൽക്കരണത്തെക്കുറിച്ചുള്ള ചിന്തയാണ്. അതേ വർഷം തന്നെ, സിസിഫസിന്റെ മിത്ത് എന്ന ദാർശനിക ലേഖനം പ്രസിദ്ധീകരിച്ചു. അതിൽ കാമു സമകാലിക നിഹിലിസത്തെയും അസംബന്ധം എന്ന ആശയത്തെയും വിശകലനം ചെയ്തു.

നിഹിലിസത്തെ , ശൂന്യതാവാദത്തെ, മറികടക്കാനുള്ള ഒരു മാർഗം അദ്ദേഹം അന്വേഷിച്ചുകൊണ്ടിരുന്നു അദ്ദേഹത്തിന്റെ രണ്ടാമത്തെ നോവലായ ദി പ്ലേഗ് (1947) ഒറാനിൽ ഒരു പകർച്ചവ്യാധിക്കെതിരായ പോരാട്ടത്തിന്റെ പ്രതീകാത്മക വിവരണമാണ്. മനുഷ്യ അന്തസ്സിന്റെയും സാഹോദര്യത്തിന്റെയും ദൃഢനിശ്ചയം മാത്രമല്ല, പകർച്ചവ്യാധിയെ നേരിട്ട് വിജയത്തിൽ എത്തിക്കുന്നതിൽ സംശയിക്കുന്ന കഥാപാത്രങ്ങളേയും അവതരിപ്പിക്കുന്നു .

അസംബന്ധത്തെക്കുറിച്ചുള്ള തന്റെ ആദ്യത്തെ പ്രധാന ആശയത്തിൽ നിന്ന് ധാർമ്മികവും തത്ത്വമീമാംസയുമായ കലാപം എന്ന തന്റെ മറ്റൊരു പ്രധാന ആശയത്തിലേക്ക് കാമു മാറി. രണ്ടാമത്തെ നീണ്ട ഉപന്യാസമായ ദി റെബലിൽ (1951) അദ്ദേഹം ഈ രണ്ടാമത്തെ ആദർശത്തെ രാഷ്ട്രീയ-ചരിത്ര വിപ്ലവവുമായി താരതമ്യം ചെയ്തു.

ഇത് മാർക്സിസ്റ്റ് വിമർശകർക്കും ജീൻ-പോൾ സാർത്രെ പോലുള്ള മാർക്സിസ്റ്റ് സൈദ്ധാന്തികർക്കും ഇടയിൽ കടുത്ത അപ്രീതി സൃഷ്ടിച്ചു.

സാങ്കേതികമായി മികച്ച നോവൽ ലാ ച്യൂട്ട് (1956), ചെറുകഥാ സമാഹാരം എക്സൈൽ ആൻഡ് ദി കിംഗ്ഡം (1957) എന്നിവ യാണ് അദ്ദേഹത്തിന്റെ മറ്റ് പ്രധാന സാഹിത്യ കൃതികൾ. ലാ ച്യൂട്ട് ക്രിസ്ത്യൻ പ്രതീകാത്മകതയോടുള്ള ഒരു മുൻകരുതൽ വെളിപ്പെടുത്തുന്നു. കൂടാതെ മതേതര മാനവിക ധാർമ്മികതയുടെ കൂടുതൽ സംതൃപ്തമായ രൂപങ്ങളെക്കുറിച്ചുള്ള വിരോധാഭാസവും നർമ്മബോധവും നിറഞ്ഞ ഒരു തുറന്നുകാട്ടൽ കൂടി കാണാം .

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം, നോവലിസ്റ്റ്, നാടകകൃത്ത്, രാഷ്ട്രീയ സൈദ്ധാന്തികൻ എന്നീ നിലകളിൽ ആൽബർട്ട് കാമു സ്വന്തം തലമുറയു ടെ വക്താവും അടുത്ത തലമുറയുടെ മാർഗദർശിയുമായി മാറി. ഫ്രാൻസിൽ മാത്രമല്ല, യൂറോപ്പിലും ഒടുവിൽ ലോകത്തിലും.അന്യമായ പ്രപഞ്ചത്തിൽ മനുഷ്യൻ ഒറ്റപ്പെടുന്നതും, വ്യക്തി തന്നിൽ നിന്ന് അകന്നുപോകുന്നതും, തിന്മയുടെ പ്രശ്നവും, മരണത്തിന്റെ അടിയന്തിരമായ അവസ്ഥയും അഭിസംബോധന ചെയ്ത അദ്ദേഹത്തിന്റെ രചനകൾ, യുദ്ധാനന്തര ബുദ്ധിജീവിയുടെ അന്യവൽക്കരണത്തെയും നിരാശയെയും കൃത്യമായി പ്രതിഫലിപ്പിച്ചു.

അസ്തിത്വ നോവലിന്റെ ഒരു പ്രമുഖ പ്രയോക്താവായി സാർത്രിനൊപ്പം അദ്ദേഹവും ഓർമ്മിക്കപ്പെടുന്നു. തന്റെ സമകാലികരിൽ പലരുടെയും നിഹിലിസം അദ്ദേഹത്തിന് മനസ്സിലായിരുന്നെങ്കിലും, സത്യം, മിതത്വം, നീതി തുടങ്ങിയ മൂല്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ ക്കുറിച്ചും കാമു വാദിച്ചു. തന്റെ അവസാന കൃതികളിൽ, ക്രിസ്തുമതത്തിന്റെയും മാർക്സിസത്തിന്റെയും പിടിവാശിയുള്ള വശങ്ങളെ നിരാകരിക്കുന്ന ഒരു ലിബറൽ മാനവികതയുടെ രൂപരേഖകൾ കാണാം.

1957-ൽ, 44-ാം വയസ്സിൽ, കാമുവിന് സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു. മൂന്ന് വർഷത്തിനുള്ളിൽ, ഒരു വാ ഹനാപകടത്തിൽ അദ്ദേഹം കൊല്ലപ്പെട്ടു.



കവിത



**അനീഷ് രവി. കെ**
(ഫിൽക്ക)

# പ്ലേഗ്

കൊടുങ്കാറ്റിന് മുമ്പുള്ള ശാന്തത
മൂടിക്കെട്ടിയ ആകാശം
നഗരം ഉറങ്ങുന്നു
എലികൾ കറുത്ത മുഖംമൂടി ധരിച്ച്
ശവകുടീരങ്ങളിൽ പൂക്കൾ വിതറുന്നു.

മുഴങ്ങുന്നു തെരുവിൽ ബൂട്ടുകളുടെ
സഞ്ചലനം നാഷണൽ സോഷ്യലിസ്റ്റ്
പാർട്ടിയുടെ സ്വസ്തിക ചിഹ്നം
ചുവന്ന കണ്ണുമായി ചിരിക്കുന്നു
നാഷണൽ ഫാസിസ്റ്റ് പാർട്ടിയുടെ
വെടിയുണ്ടകൾ നൃത്തം ചെയ്യുന്നു
ആത്മബലി നൽകുന്നു ജനത.
ലോകയുദ്ധം വാതിലുകൾ തുറക്കുന്നു .

അറിയില്ല.....
ഭീതിയൊരു പുതപ്പായ് മാറി
കണ്ണുകളിൽ പ്രകമ്പനങ്ങൾ
മൺപാറകൾ പോൽ പൊട്ടിത്തെറിച്ചു
മാനവ ഹൃദയം
കരിങ്കൊടികൾ മനുഷ്യമനസ്സടച്ചു
ചങ്ങലകളാൽ താഴിട്ടടച്ചു.

പുസ്തകങ്ങൾ പോലും എരിതീയിൽ
ചാമ്പലായ്
അറിവിന്റെ കേന്ദ്രങ്ങൾ പാടെ തകർത്തു
നിശബ്ദതയുടെ ഭാരവും പേറി
ഒടുങ്ങുന്നിതാ പ്ലേഗ് ബാധിതർ.

വാഴ്ത്തിസ്തുതിക്കുന്നു പത്രങ്ങൾ പോലും
ഭരണാധികാരിയുടെ മാഹാത്മ്യങ്ങൾ
ഭാഷകൾ പോലും തടവിലാകുന്നു
ശൂന്യമാകുന്നു
കറുത്ത രക്തത്തിന്റെ തെരുവീഥികൾ.
വീട്ടിലും നാട്ടിലും അഭയമില്ലാതലയുന്നു
ജന്മങ്ങൾ അർത്ഥങ്ങൾ തേടി.

മനസ്സിലെവിടെയോ വിത്ത് മുളച്ചു
വിപ്ലവമാമൊരു മരമായത്
പൊടുന്നനെ ശാഖ നീട്ടി
എലികൾ ഓടിയൊളിച്ചു
പ്രതിരോധമന്ത്രങ്ങൾ പൊടുന്നനെ ഉയർന്നു
മുറവിളികളും അട്ടഹാസങ്ങളും ഏറ്റുമുട്ടി
ഭൂമി പിളർന്നു.

കവികൾ കവിതകളാൽ പൊട്ടിത്തെറിക്കുന്നു.
കുട്ടികൾ ചിരിക്കുന്നു
ചിരികളിൽ പോലും പ്ലേഗിന്റെ നിഴലുകൾ
പടരുന്നു.

ഇരുണ്ടരാത്രികൾ ഇനിയൊരു ചരിത്രപാഠം
മാത്രം
വംശീയ - ദേശീയ ഭേദങ്ങൾക്കപ്പുറം
മനുഷ്യരെന്നും മനുഷ്യർ മാത്രമെന്ന്
പാടുന്നു പക്ഷികൾ
മഞ്ഞുമൂടിയ സ്മൃതികുടീരങ്ങളിൽ.

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV



# മെറ്റമോർഫസിസ്



**ഡോ. പി. അജികുമാർ**
(ഫിൽക്ക)




കപ്പലിൽ കൊള്ളേണ്ട ഭാവനയുമായി ക്ഷീണിക്കാതെ കടൽ യാത്ര നടത്തിയ അത്ഭുതപ്രതിഭയായിരുന്നു ഫ്രാൻസ് കാഫ്ക. ജീവിത കാലത്ത് വേണ്ടത്ര പ്രസിദ്ധി നേടാനാവാത്ത കാഫ്കയുടെ കൃതികൾ മരണാനന്തരമാണ് പ്രശസ്തിയുടെ കൊടുമുടി കയറിയത്. ദാർശനിക നോവലുകളു ടെ സ്രഷ്ടാവായ കാഫ്കയുടെ കൃതികൾ പാശ്ചാത്യ ലോകത്തെ വ്യാകുലതയുടെയും വ്യർത്ഥ ചിന്തയുടെയും ഒറ്റപ്പെടലിന്റെയും കഥ പറയുന്നു. നോവലുകളിൽ ഒരു കാലഘട്ടത്തിന്റെ നിരാശ നിഴലിച്ചു കാണുന്നതിൽ അദ്ദേഹം അനുഭവിച്ച അന്ത:സംഘർഷങ്ങളും കാരണമാണ്.

ഹെർമൻ കാഫ്കയെന്ന കച്ചവടക്കാരന്റെയും ജൂലിയുടെയും മകനായി പ്രേഗിൽ ഒരിടത്തരം ജൂത കുടുംബത്തിൽ 1883 ജൂലൈ 3 ന് പിറന്ന കാഫ്ക ക്ഷയ രോഗം മൂർഛിച്ച് 1924 ജൂൺ 3 ന് ഒരു സാനിറ്റോറിയത്തിൽ മൃതിയടഞ്ഞു. ഒരു റൊമാന്റിക്കിന് ചേരാത്ത വിധത്തിൽ യഥാതഥവും സുവ്യക്തവും ജീവ സ്പർശിയുമാണ് അദ്ദേഹത്തിന്റെ കൃതികൾ. വിധി, പീനൽ കോളനിയിൽ, അമേരിക്ക ട്രയൽ (വിചാരണ) കാസിൽ(ദുർഗ്ഗം) തുടങ്ങി സ്വപ്നസദൃശമായ ഈ രചനകളിൽ പലപ്പോഴുംഅസംബന്ധങ്ങളും അസംഭവ്യതകളും യുക്തിഭംഗങ്ങളും കാണാൻ കഴിയും.

കാഫ്കയുടെ ഏറ്റവും അറിയപ്പെടുന്ന നോവലാണ് 1915ൽ പുറത്തിറങ്ങിയ ദി മെറ്റമോർഫസിസ്. അന്യവൽക്കരണത്തിന്റെയും മനുഷ്യത്വരഹിതവൽക്കരണത്തിന്റെയും പ്രമേയമാണ് ഇതിൽ ചർച്ച ചെയ്യുന്നത്. ഒരാൾ വ്യത്യസ്തനാകുമ്പോഴോ പ്രതീക്ഷിക്കുന്ന റോളുകൾ നിറവേറ്റാൻ കഴിയാതെ വരുമ്പോഴോ ഉണ്ടാകുന്ന സാമൂഹികവും കുടുംബപരവുമായ തിരസ്കരണത്തിന്റെ കഠിനമായ യാഥാർത്ഥ്യങ്ങളുടെ ധാർമ്മികത എടുത്തു കാണിക്കുന്നു. അന്യവൽക്കരണം, തടവ്, കുറ്റബോധം. അസ്തിത്വപരമായ ഉത്ക്കണ്ഠ, ഭ്രാന്ത്, വിചിത്രത തുടങ്ങിയ കാഫ്കയുടെ സവിശേഷതകൾ ഇതിൽ കാണാം.



ഒരു പ്രഭാതത്തിൽ അസ്വസ്ഥമായ സ്വപ്നങ്ങളിൽ നിന്നുണർന്നപ്പോൾ ഗ്രിഗർ സാംസ തന്റെ കിടക്കയിൽ ഭീമാകാരനായ ഒരു പ്രാണിയായി രൂപാന്തരപ്പെട്ടു. ഇങ്ങനെയാണ് നോവൽ തുടങ്ങുന്നത്. ഒരു മാർക്കറ്റിംഗ് തൊഴിലാളിയായ ഗ്രിഗർ സാംസയും കുടുംബവും അദ്ദേഹത്തിന്റെ ഈ രൂപാന്തരവുമായി പൊരുത്തപ്പെടാൻ പാടുപെടുന്നു. ക്രമേണ അതുമായി പൊരുത്തപ്പെടാൻ തയ്യാറാവുന്നു. തന്റെ തൊഴിലുടമയെ ഒരു സ്വേച്ഛാധിപതിയായി കാണുന്ന ഗ്രിഗർ കുടുംബത്തിന്റെ ഏക വരുമാന ദാതാവ് താനായതുകൊണ്ടു മാത്രമാണ് ജോലിയിൽ തുടരുന്നത്. രൂപാന്തരപ്പെട്ട ഗ്രിഗർ മാനേജരുമായും



കുടുംബവുമായും ആശയവിനിമയം നടത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും അതിന് കഴിയാതെ കഷ്ടപ്പെട്ട് പുറത്തിറങ്ങുന്നു. അയാളെക ക്ലർക്ക് അപ്പാർട്ടുമെന്റിൽ നിന്ന് ഓടിപ്പോകുന്നു. കുടുംബം പരിഭ്രാന്തരാകുന്നു. രൂപാന്തരം കണ്ട് ഭയന്ന ജോലിക്കാരി ജോലി നിർത്തി പോകുന്നു.. പിതാവ് അവനെ മുറിക്കുള്ളിലാക്കുന്നു.

ഗ്രിഗറിന്റെ അപ്രതീക്ഷിത പരിവർത്തനത്തോടെ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിരത നഷ്ടപ്പെടുന്നു. അവൻ തന്റെ പുതിയ വ്യക്തിത്വം അംഗീകരിക്കാനും പൊരുത്തപ്പെടാനും തുടങ്ങുന്നു.



ഗ്രിഗറിന് ഭക്ഷണം കൊണ്ടുവരാൻ തയ്യാറാകുന്നത് അവന്റെ സഹോദരി ഗ്രെറ്റ മാത്രമാണ്. അത് ചീഞ്ഞതാണെങ്കിൽ മാത്രമേ ഗ്രിഗറിന് ഇഷ്ടപ്പെടുകയുള്ളൂ. അവൻ കൂടുതൽ സമയവും തറയിലും ചുമരുകളിലും മേൽക്കൂരയിലുമെല്ലാം ഇഴഞ്ഞു നടന്നു. ഗ്രിഗറിനെ പുറത്തിറക്കാതെ വീടിന്റെ ഒരു ഭാഗം വാടകയ്ക് നൽകിയെങ്കിലും ദുർഗന്ധം കാരണം അവർ ഒഴിഞ്ഞു പോകുന്നു.

ഒരു മനുഷ്യനെന്ന നിലയിൽ തന്റെ ഭൂതകാലം മറന്നു പോകുമെന്ന് അയാൾ ഭയപ്പെടുന്നു. ഗ്രിഗറിന്റെ മാതാപിതാക്കളും സഹോദരിയും ജോലിയിൽ വ്യാപൃതരാവുകയും അവനെ അവഗണിക്കാൻ തുടങ്ങുകയും ചെയ്യുന്നു. അച്ഛൻ അവനെ ഉപദ്രവിക്കുകയും ചെയ്യുന്നുണ്ട്. ഗ്രിഗറിനെ പരിപാലിക്കുന്നതിൽ മടുത്ത ഗ്രെറ്റ് കുടുംബത്തിലെ ഓരോ അംഗത്തിനും മേൽ അദ്ദേഹത്തിന്റെ നിലനിൽപ്പ് എത്രത്തോളം ഭാരമാണെന്ന് മനസ്സിലാക്കുന്നു. തന്നെ ഇനി ആവശ്യമില്ല എന്ന് മനസ്സിലാക്കിയ ഗ്രിഗർ സൂര്യോദയത്തിന് മുമ്പ് പട്ടിണി കിടന്ന് മരിക്കുന്നു. ആശ്വാസവും ശുഭാപ്തിവിശ്വാസവുമുള്ള അച്ഛനും അമ്മയും സഹോദരിയും ഗ്രാമത്തിലെ ഒരു ചെറിയ കമ്പാർട്ടുമെന്റിലേക്ക് മാറാൻ തീരുമാനിക്കുന്നു.



ഗ്രിഗറിനെ പരിപാലിച്ച ഗ്രെറ്റ് ഇപ്പോൾ ഒരു സുന്ദരിയായ യുവതിയാണ്. പെൺകുട്ടിയിൽ നിന്ന് സ്ത്രീയിലേക്കുള്ള ഗ്രെറ്റിന്റെ രൂപാന്തരം കഥയുടെ ഒരു ഉപപാഠ പ്രമേയമാണ്. മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാകുന്നതിന്റെ കൂട്ടം തെറ്റി മേയുന്നതിന്റെ ഒറ്റപ്പെടൽ ഫലം ഈ കൃതിയിൽ കാണാം. ദുരിതബാധിതരോടുള്ള പരിചാരകരുടെയും മാനസിക രോഗ വിദഗ്ദ്ധരുടെയും ക്രൂരതയും ഇതിൽ ഉൾപ്പെടുന്നു.

ഗ്രിഗറിന്റ പിതാവായ സാംസയ്ക്ക് മകനോടുള്ള മനോഭാവം കഠിനമാണ്. രൂപാന്തരപ്പെട്ട മകനെ അയാൾ വെറുപ്പോടെയും ഭയത്തോടെയും കാണുന്നു. പലപ്പോഴും ആക്രമിക്കുന്നു. രൂപാന്തരത്തിന് മുമ്പും കുടുംബത്തിന്റെ വരുമാനമാർഗ്ഗമായിട്ടാണ് അയാൾ മകനെ കണ്ടിരുന്നത്. കാഫ്കയ്ക്ക് തന്റെ പിതാവുമായുള്ള ബന്ധം ഇവിടെ അന്യവൽക്കരിച്ചിരിക്കുന്നു.

ഗ്രിഗർ സാംസയുടെ നഷ്ടപ്പെട്ട നില നിൽപ്പിന്റെ ഒരു കടുത്ത പ്രകടനമായി ഈ പ്രാണിയുടെ രൂപം മാറുന്നു. തന്റെ പ്രൊഫഷണൽ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിലേക്ക് ചുരുങ്ങി, തന്റെ പുരോഗതി ഉറപ്പാക്കാൻ ആകാംക്ഷയോടെയും അസ്വസ്ഥതയോടെയും പ്രവർത്തിക്കുന്ന ഒരു പ്രൊഫഷണൽ ജീവിതത്തിന്റെ സൃഷ്ടിയാണ് ഗ്രിഗർ സാംസ. ഇടുങ്ങിയ ചിന്താഗതിക്കാരായ ആളുകൾ നിറഞ്ഞ ഒരു സമൂഹത്തിൽ കലാകാരന്റെ നിലനിൽപ്പിനായുള്ള പോരാട്ടമാണ് ഇവിടെ കാണുന്നത്. യാഥാർത്ഥ്യത്തിന്റെയും ഫാന്റസിയുടെയും ഇഴകളിലൂടെ സർറിയലിസത്തിന്റെയും സറ്റയറിന്റെയും മിശ്രിതത്തിൽ ജീവിതത്തിന്റെ അസംബന്ധതയെ കാഫ്ക ഇതിൽ ആവിഷ്കരിച്ചിരിക്കുന്നു.

# ഫ്രാൻസ് കാഫ്ക



**പി.എസ്.ജ്യോതിഷ്കുമാർ**
(ഫിൽക്ക)



ഇരുപതാം നൂറ്റാണ്ടിലെ ആധുനിക സാഹിത്യത്തിൽ ശ്രദ്ധേയരായ എഴുത്തുകാരിൽ ഒരാളായിരുന്നു ഫ്രാൻസ് കാഫ്ക ( 1883 1924) . പഴയ ഓസ്ട്രോ-ഹംഗേറിയൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ബൊഹേമിയയിൽ, ഇന്നു ചെക്ക് രാജ്യത്തിന്റെ തലസ്ഥാനമായിരിക്കുന്ന പ്രാഗ് നഗരത്തിലാണ് അദ്ദേഹം ജനിച്ചത്.

മദ്ധ്യവർഗ്ഗത്തിൽ പെട്ട യഹൂദരായിരുന്നു ഫ്രാൻസ് കാഫ്കയുടെ മാതാപിതാക്കളായ ഹെർമ്മനും ജൂലിയും. അവരുടെ ആറുമക്കളിൽ മൂത്തവനായിരുന്നു ഫ്രാൻസ് കാഫ്ക. കാഫ്കയ്ക്ക് ഏഴ് വയസ്സ് പ്രായമുള്ളപ്പോൾ രണ്ടു സഹോദരന്മാർ മരിച്ചു. അച്ഛനമ്മമാരുടെ ജന്മദിനങ്ങളിലും മറ്റും കാഫ്ക താൻ പ്രത്യേകമായി എഴുതിയ നാടകങ്ങൾ സ്വയം സംവിധാനം ചെയ്ത്, സഹോദരിമാരേയും പരിചാരകരേയും മറ്റും അഭിനേതാക്കളാക്കി, കുടുംബാംഗങ്ങൾക്കു മുൻപിൽ അവതരി പ്പിച്ചിരുന്നു. മൂന്ന് സഹോദരിമാർ ലോകമഹായുദ്ധകാലത്ത് നാസി കോൺസെൻട്രേഷൻ ക്യാമ്പിൽ കൊല്ലപ്പെട്ടു.

കാഫ്കയെ അന്യഥാബോധം വിടാതെ പിടികൂടിയിരുന്നു. തകർന്നുകൊണ്ടിരുന്ന ഒരു സാമ്രാജ്യത്തിലെ പൗരനായി ജനിച്ച അദ്ദേഹം ചെക്ക് ഭാഷ സംസാരിക്കുന്ന ഒരു സമൂഹത്തിൽ, ജർമ്മൻ സംസാരിക്കുന്നവനും, ക്രിസ്ത്യാനികൾക്കിടയിൽ യഹൂദനും, സ്വാർത്ഥനും സ്വേച്ഛാധിപതിയുമായ ഒരു പിതാവ് അടക്കി വാണിരുന്ന കുടുംബത്തിൽ ഏകാകിയും ആയി ജീവിച്ചു. കാഫ്കയുടെ മുഖ്യഭാഷയും സാഹിത്യരചനകളും ജർമ്മൻ ഭാഷയിലാണ്. എങ്കിലും ചെക്ക് ഭാഷയിലും അദ്ദേഹത്തിനു പ്രാവീണ്യമുണ്ടായിരുന്നു. പിൽക്കാലത്ത് കാഫ്ക ഫ്രഞ്ചു ഭാഷയിലും സംസ്കാരത്തിലും അറിവു നേടി. അദ്ദേഹത്തിന് ഏറെ ഇഷ്ടപ്പെട്ട എഴുത്തുകാരിൽ ഒരാൾ ഗുസ്താഫ് ഫ്ളോബേ (Gustave Flaubert ) ആയിരുന്നു.

കാഫ്കയുടെ മിക്ക കൃതികളും മരണശേഷമാണ് പ്രസിദ്ധീകരിച്ചത്. അവയിൽ പലതും അപൂർണ്ണങ്ങളാണ്. അവ പൊതുവേ, നിരർത്ഥകതയുടെയും (absurd) അതിയാഥാർഥ്യ (surreal) സംഭവങ്ങളുടെയും സാധാരണ സംഭവങ്ങളുടെയും മിശ്രണമാണ്.

എഴുത്തു കൊണ്ട് മാത്രം ഉപജീവനം കണ്ടെത്താൻ കഴിയാതെ വന്നപ്പോൾ, കാഫ്ക രാവിലെ മുതൽ ഉച്ചവരെ ഇൻഷുറൻസ് ക്ലാർക്കായി ജോലി ചെയ്തു. പിന്നീട്

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV





തനിക്ക് സന്തോഷം നൽകുന്ന കാര്യങ്ങളിൽ സ്വയം സമർപ്പിച്ചു. കായിക വിനോദങ്ങളിൽ തൽപ്പരനായിരുന്നു. പാരീസിലേക്കും ബെർലിനിലേക്കും നഗരയാത്രകൾ നടത്തി, ആളുകളോടൊപ്പം സമയം ചെലവഴിക്കുന്നത് ആസ്വദിച്ചു.


ചിലപ്പോഴൊക്കെ ഒരു മുഴുവൻ പുറത്തിന്റെ തന്നെ ദൈർഘ്യമുള്ള വാക്യത്തിനൊടുവിൽ വിരാമചിഹ്നത്തിനു തൊട്ടു മുൻപ് വായനക്കാരനെ അമ്പരപ്പിക്കുന്ന വിധത്തിലുള്ള അർത്ഥവും ആശയസാന്ദ്രതയും സന്നിവേശിപ്പിക്കുന്ന കാഫ്കയുടെ ശൈലി അനന്യമാണ് .

പല യൂറോപ്യൻ ഭാഷകളിൽ നിന്നും ഭിന്നമായി ക്രിയ, വാക്യാന്ത്യമായി വരുന്ന ജർമ്മൻ ഭാഷയുടെ ഘടനയെ ആശ്രയിച്ചാണ് കാഫ്ക തന്റെ രചനയുടെ സവിശേഷതയായ ഈ ഇഫക്ടുകൾ ഉപയോഗിച്ചത്.

ഇതര യൂറോപ്യൻ ഭാഷകളിലേയ്ക്ക് കാഫ്കയുടെ രചനകൾ മൊഴിമാറ്റം ചെയ്യാൻ ശ്രമിച്ചവരെ ഇതു കുഴക്കിയിട്ടുണ്ട്. നിരവധി അന്താരാഷ്ട്ര എഴുത്തുകാർ സ്വന്തം നോവലുകളിൽ കാഫ്കയെ പരാമർശിക്കുകയും ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട ആധുനിക എഴുത്തുകാരിൽ ഒരാളായി അദ്ദേഹത്തെ കാണുകയും ചെയ്തു. 2014 ൽ അന്തരിച്ച കൊളംബിയൻ എഴുത്തുകാരനും നോബൽ സമ്മാന ജേതാവുമായ ഗബ്രിയേൽ ഗാർസിയ മാർക്വേസ്, കാഫ്കയുടെ ദി മെറ്റമോർഫോസിസ് എന്ന നോവൽ വായിച്ചതാണ് തന്നെ സ്വന്തം പുസ്തകങ്ങൾ എഴുതാൻ പ്രചോദിപ്പിച്ചതെന്നു പോലും പറഞ്ഞു.

കാഫ്കയുടെ കഥകൾ പ്രധാനമായും മനുഷ്യാനുഭവങ്ങളെ ചുറ്റിപ്പറ്റിയാണ്. ഈ ലോകത്ത് നഷ്ടപ്പെട്ട, ഒറ്റപ്പെട്ട, നിസ്സഹായനായ ഒരാളുടെ വികാരത്തെ കാവ്യാത്മകമായി വിവരിക്കുന്നു. ഈ വികാരങ്ങളെല്ലാം സാർവ്വത്രികമാണ്. അവ എന്നും ലോകമെമ്പാടുമുള്ള ആളുകൾക്ക് ആസ്വാദ്യകരമാണ്.

സാംസ്കാരിക സന്ദർഭങ്ങളിൽ നിന്നോ രാഷ്ട്രീയ ഘടനകളിൽ നിന്നോ അവ പൂർണ്ണമായും സ്വതന്ത്രമാണ്. അതുകൊണ്ടാണ് എല്ലാ ഭൂഖണ്ഡങ്ങളിലും കാഫ്ക വായിക്കപ്പെടുകയും മനസ്സിലാക്കപ്പെടുകയും ചെയ്യുന്നത്.




മരിച്ചിട്ട് 101 വർഷമായിട്ടും, ലോകത്തിലെ ഏറ്റവും അറിയപ്പെടുന്ന വിശ്വ സാഹിത്യ കാരൻമാരിൽ ഒരാളാണ് ഫ്രാൻസ് കാഫ്ക.

ആശയലോകം അഗാധമെങ്കിലും അദ്ദേഹത്തിന്റെ വ്യക്തവും മനസ്സിലാക്കാ വുന്നതുമായ ഭാഷ , വിവർത്തകർക്ക് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ മറ്റ് ഭാഷകളി ലേക്ക് എളുപ്പത്തിൽ വിവർത്തനം ചെയ്യാൻ സഹായിക്കുന്നു. ലോകത്തിലെ ഏറ്റവും സാധാരണമായ കാര്യമെന്നപോലെ ഏറ്റവും വിചിത്രമായ വിഷയങ്ങളെക്കുറിച്ച് എങ്ങനെ എഴുതാമെന്ന് കാണിച്ചുകൊടുത്തുകൊണ്ട്, അദ്ദേഹത്തിന് ശേഷം വന്ന എഴുത്തുകാർക്ക് അവിശ്വസനീയമാം വിധം മികച്ച ഒരു മാതൃക അദ്ദേഹം നൽകിയിട്ടുണ്ട്.

പക്ഷേ നാസി ജർമ്മനി കാഫ്കയുടെ പുസ്തകങ്ങളെ നിഷേധ കാഴ്ചപ്പാടോടെ യാണ് വീക്ഷിച്ചത്. സാധ്യമാകുന്നിടത്തെല്ലാം അവ നിരോധിക്കുകയും കത്തിക്കു കയും ചെയ്തു.ജർമ്മനിയെ അപേക്ഷിച്ച് വിദേശത്താണ് കാഫ്കയ്ക്ക് കൂടുതൽ പ്ര ചാരം ലഭിച്ചത്. ഇപ്പോൾ, ലോകമെമ്പാടും കാഫ്ക വായി ക്കപ്പെടുന്നു. ജർമ്മനിയിൽ, പാഠ്യപദ്ധതി യുടെ ഭാഗമായി ചെറുപ്പക്കാർ സ്കൂളിൽ അദ്ദേഹത്തിന്റെ കൃതികൾ വായ ിക്കുന്നു. ഇന്ത്യയിൽ, മികച്ച വായനക്കാരുടെ വൃത്തങ്ങളിൽ അദ്ദേഹം അറിയപ്പെടുന്നു. മെക്സിക്കോ, കൊളംബിയ, അർജന്റീന എന്നിവിടങ്ങളിലും അദ്ദേഹം ജനപ്രിയനാണ്. ഈ പട്ടിക അനന്തമാണ്.

വൈകുന്നേരങ്ങളിലും രാത്രിയിലും കാഫ്ക ഡയറിക്കുറിപ്പുകൾ,ചെറുകഥകൾ, നോവലുകൾ എന്നിവ എഴുതി. നിയമ പഠനത്തിനിടെ കണ്ടുമുട്ടിയ അദ്ദേഹത്തിന്റെ ഉറ്റ സുഹൃത്ത് മാക്സ് ബ്രോഡ്, കാഫ്കയു



ടെ സാഹിത്യ പ്രതിഭയെ തിരിച്ചറിഞ്ഞു. അദ്ദേഹത്തിന്റെ കൃതികൾ പ്രസിദ്ധീകരി ക്കാൻ പ്രോത്സാഹിപ്പിച്ചു. എന്നാൽ കാഫ്ക അദ്ദേഹത്തിന്റെ സ്വന്തം എഴുത്ത് കഴിവുകളെ സംശയിച്ചു.

1924-ൽ, തന്റെ 41-ാം പിറന്നാളിന് ഏതാനും ആഴ്ചകൾ മുമ്പ് , ക്ഷയരോഗ ബാധിതനാ യിരുന്ന കാഫ്ക അന്തരിച്ചു. മരണശേഷം തന്റെ എല്ലാ രചനകളും കത്തിക്കാൻ അദ്ദേഹം മുമ്പ് തന്റെ സുഹൃത്തിനോട് നിർദ്ദേശിച്ചിരുന്നു.പക്ഷേ ഭാഗ്യവശാൽ, ഭാവിതലമുറയ്ക്ക്, മാക്സ് ബ്രോഡ് ഈ ആഗ്രഹം പാലിച്ചില്ല. അല്ലെങ്കിൽ, ദി ട്രയൽ പോലുള്ള കൃതികൾ ഒരിക്കലും പ്രസിദ്ധീകരിക്കപ്പെടുമായിരുന്നില്ല. പൂർത്തിയാകാത്ത നോവലും കാഫ്കയുടെ ഏറ്റവും അറിയപ്പെടുന്ന കൃതികളിൽ ഒന്നാണ്. കുറ്റം തെളിയാതെ പ്രതിയാ ക്കപ്പെടുന്ന ഒരു മനുഷ്യനെക്കുറിച്ചാണ് ട്രയൽ എന്ന നോവൽ പ്രതിപാദിക്കുന്നത്. എന്നാൽ താൻ ചെയ്ത കുറ്റമെന്തെന്ന് ഒരിക്കലും കണ്ടെത്തുന്നില്ല. കാഫ്കയുടെ കാര്യത്തിൽ പതിവുപോലെ, ഈ കഥയും നന്നായി അവസാനിക്കുന്നില്ല.

കാഫ്ക പലപ്പോഴും യുവാക്കളെ ആകർ ഷിക്കുന്നു. കാരണം യുവചേതന അധികാരികളുമായി സംഘർഷത്തിലാകു

കയും ചിലപ്പോൾ എഴുത്തുകാരന്റെ കഥാപാത്രങ്ങളെപ്പോലെ തന്നെ സ്വയം നഷ്ടപ്പെട്ടവരായി മാറുകയും ചെയ്യുന്നു. ഫ്രാൻസ് കാഫ്കയുടെ അന്യവൽക്കരണത്തിന്റെയും ഒറ്റപ്പെടലിന്റെയും പ്രമേയങ്ങളും സ്വത്വപ്രശ്നങ്ങളും മരണത്തിന് ഒരു നൂറ്റാണ്ടിനുശേഷവും പ്രസക്തമാണ്.

ഇരുപതാം നൂറ്റാണ്ടിലെ ആധുനിക സാഹിത്യത്തിലെ ഒരു പ്രധാന വ്യക്തിയായി കണക്കാക്കപ്പെടുന്ന അദ്ദേഹത്തിന്റെ കൃതികൾ യാഥാർത്ഥ്യബോധത്തിന്റെയും ഫാന്റസിയുടെയും ഘടകങ്ങളാൽ സംയോജിപ്പിക്കപ്പെടുന്നു.കൂടാതെ വിചിത്രമോ സർറിയലിസ്റ്റ് പ്രതിസന്ധികളോ ആയ, മനസ്സിലാക്കാൻ കഴിയാത്ത, സാമൂഹിക -ഉദ്യോഗസ്ഥ ശക്തികളെ നേരിടുന്ന, ഒറ്റപ്പെട്ട നായകന്മാരെ അവതരിപ്പിക്കുന്നു.

Kafkaesque എന്ന പദം , അദ്ദേഹത്തിന്റെ രചനകളിൽ ചിത്രീകരിച്ചിരിക്കുന്നതുപോലെയുള്ള സാഹചര്യങ്ങളെ വിവരിക്കുന്നതിനാണ് നിഘണ്ടുവിൽ പ്രവേശിച്ചത്.

അദ്ദേഹത്തിന്റെ ഏറ്റവും അറിയപ്പെടുന്ന കൃതികളിൽ ദി മെറ്റമോർഫോസിസ് (1915), ദി ട്രയൽ (1924), ദി കാസിൽ (1926) എന്നീ നോവലുകൾ ഉൾപ്പെടുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ ഒരു ചെറിയ ഭാഗം മാത്രമേ അദ്ദേഹത്തിന്റെ ജീവിതകാലത്ത് പ്രസിദ്ധീകരിച്ചിട്ടുള്ളൂ. കോൺടെംപ്ലേഷൻ (1912), എ കൺട്രി ഡോക്ടർ (1919) എന്നീ കഥാസമാഹാരങ്ങളും ദി മെറ്റമോർഫോസിസ് പോലുള്ള വ്യക്തിഗത കഥകളും സാഹിത്യ മാസികകളിൽ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും അവയ്ക്ക് കാര്യമായ ശ്രദ്ധ അക്കാലത്ത് ലഭിച്ചിരുന്നില്ല. കാഫ്കയുടെ ഏറ്റവും അറിയപ്പെടുന്ന രചനകളിലൊന്നാണ് മെറ്റമോർഫോസിസ്. 1915-ൽ ആണ് ഇത് ആദ്യം പ്രസിദ്ധീകരിക്കപ്പെട്ടത്.ഇരുപതാം നൂറ്റാണ്ടിന്റെ കാവ്യഭാവനയിൽ പിറന്ന ഏറ്റവും തികവുറ്റ മഹദ്‌രചനകളിൽ ഒന്നെന്ന് സാമൂഹിക വിമർശകനായ എലിയാസ് കാനേറ്റി ഇതിനെ വിശേഷിപ്പിച്ചിട്ടുണ്ട്.

തന്റെ കാലത്തെക്കുറിച്ച് ഷേയ്ക്സ്പിയർ എന്ന പോലെ ഈ കൃതിയിൽ കാഫ്ക നമ്മുടെ കാലത്തെക്കുറിച്ച് പറയുന്നു എന്ന് ഡബ്ലിയൂ . എച്ച് . ഓഡണും (W.H.Auden) ഇതിനെ പുകഴ്ത്തി.


ഒരു പ്രഭാതത്തിൽ അസ്വസ്ഥമായ ഒരു സ്വപ്നത്തിനിടയിൽ ഉറക്കമുണർന്ന ഗ്രിഗർ സാംസ എന്ന ചെറുപ്പക്കാരൻ, താൻ ഒരു വലിയ ചാഴിയായി മാറിയിരിക്കുന്നു എന്ന് പറഞ്ഞാണ് ഈ കഥയുടെ തുടക്കം. വീർത്തു വിലക്ഷണമായ വയറും നേർത്ത കാലുകളുമുള്ള തന്റെ വൃത്തികെട്ട രൂപം, കിടക്കയിൽ കിടന്നുകൊണ്ടു തല ഉയർത്തി നോക്കിയ അയാൾക്കു കാണാൻ കഴിഞ്ഞു. ഈ രൂപപരിണാമം അയാളെ മറ്റുള്ളവരിൽ നിന്ന് ക്രൂരമായ വിധത്തിൽ അകറ്റിയെങ്കിലും പുതിയ രൂപത്തിലും അയാൾക്കുള്ളിൽ മനുഷ്യചേതന കുടികൊള്ളുന്നുണ്ടായിരുന്നു. എന്നാൽ ഇത് ആരും തിരിച്ചറിഞ്ഞില്ല. ഈ മാറ്റത്തിന്റെ തുടക്കത്തിൽ അയാളെ സഹതാപത്തോടെ കണ്ടിരുന്ന സഹോദരി പോലും ക്രമേണ സഹോദരനെ വെറുത്തു. ഗ്രിഗറിനെ ഒരുതരം മാനക്കേടായി കണ്ട കുടുംബം അയാളെ ഒരു മുറിയിൽ അടച്ചിട്ടു. യാദൃച്ഛികമായി ഈ രൂപം കാണാനിടയായ അമ്മ ബോധംകെട്ടു വീഴുന്നു. ക്രമേണ ഭക്ഷണത്തിൻെറ അളവ് കുറഞ്ഞു വന്നു.

ഒരു സായാഹ്നത്തിൽ, വീട്ടിലെ മുറികളിലൊന്നിൽ താമസിച്ചിരുന്ന മൂന്നു വാടകക്കാർക്കു വേണ്ടി സഹോദരി നടത്തിയ വയലിൻ ആലാപനത്തിന്റെ ആകർഷണത്തിൽ അയാൾ അറിയാതെ മുറിക്കു വെളിയിൽ വന്നു. കീടത്തെ പുറത്തു കണ്ട ആളുകൾ അമ്പരന്നു. വീട്ടിലേയ്ക്ക് ഫ്രൂട്സുമായി വരികയായിരുന്ന അച്ഛൻ ഒരു ആപ്പിളെടുത്ത് എറിഞ്ഞത് അതിന്റെ തോളിൽ നല്ലൊരു മുറിവുണ്ടാക്കി. അവരതിനെ ബലം പ്രയോഗിച്ച് വീണ്ടും മുറിക്കകത്തിട്ടു പൂട്ടി. പിന്നെ ഭക്ഷണവും കിട്ടാതെയായി. മുറിവിൻെറ വേദനയും വിശപ്പും കാരണം ആകെയവശനായി. അവിടെദുഃഖഭരിതവും നിദ്രാരഹിതവുമായ ഒരു രാത്രി കൂടി കഴിഞ്ഞപ്പോൾ അന്ത്യം സംഭവിച്ചു.പിറ്റേന്ന് വീട്ടിലെ ജോലിക്കാരി ആരെയുമറിയിക്കാതെ കീടത്തെ കുഴിച്ചു മൂടി. മറ്റുള്ളവരുടെ പരിഹാസച്ചിരിയിൽ നിന്നും രക്ഷനേടാൻ അവർ വേറൊരു സ്ഥലത്തേയ്ക്ക്, പുതിയ വീട്ടിലെ ജീവിതം ആസ്വദിക്കുവാൻ ട്രെയിനിൽ പുറപ്പെടുന്നു...

കാഫ്കയുടെ രചനയെ വിമർശകന്മാർ സാഹിത്യത്തിലേയും ദർശനത്തിലേയും ഒട്ടേറെ പ്രസ്ഥാനങ്ങളെ ആശ്രയിച്ചു വിലയിരുത്താൻ ശ്രമിച്ചിട്ടുണ്ട്. ആധുനികത, മാന്ത്രിക റിയലിസം തുടങ്ങിയ പ്രസ്ഥാനങ്ങളുമായി അദ്ദേഹത്തെ ബന്ധപ്പെടുത്തുന്നവരുണ്ട്. കാഫ്കയുടെ കൃതികളിൽ നിറഞ്ഞു നിൽക്കുന്നതായി കാണപ്പെടുന്ന നിരാശതയും അസംബന്ധഭാവവും അസ്തിത്വവാദത്തിന്റെ ചിഹ്നങ്ങളായി വിലയിരുത്തപ്പെട്ടു.ട്രയൽ, ദുർഗ്ഗം തുടങ്ങിയ കൃതികളിൽ തെളിയുന്ന ഉദ്യോഗസ്ഥ വ്യവസ്ഥയുടെ വിമർശക ഹാസ്യചിത്രത്തിൽ മാർക്സിസത്തിന്റെ സ്വാധീനം കാണുന്നവരുണ്ട്.

അതേസമയം ഉദ്യോഗസ്ഥവർഗ്ഗത്തിന്റെ ചിത്രീകരണത്തിൽ മറ്റുചിലർ കാണുന്നത് അരാജകത്വ വാദത്തിന്റെ സ്വാധീനമാണ്. ജോർജ് ലൂയി ബോർഹെയും മറ്റും കാഫ്കയുടെ രചനയെ യഹൂദമതത്തിന്റെ കണ്ണാടിയിൽ കൂടി കണ്ടു. ഇനിയും ചിലർ പിതാവുമായുള്ള കാഫ്കയുടെ വിഷമം പിടിച്ച ബന്ധം കണക്കിലെടുത്ത്, അദ്ദേഹത്തിന്റെ സാഹിത്യത്തെ ഫ്രോയിഡിയൻ മനഃശാസ്ത്രത്തിന്റെ നിലപാടിൽ വിലയിരുത്തുന്നു.

തോമസ് മാനും മറ്റും തത്വമീമാംസാപര മായ ദൈവാന്വേഷണത്തിന്റെ അന്യാപ ദേശങ്ങളായി അദ്ദേഹത്തിന്റെ കഥകളെ കണ്ടു. ഈ വാദമനുസരിച്ച്, അവിശ്വാ സിയായിരിക്കുമ്പോഴും ദൈവത്തെ മറക്കാ തിരിക്കുന്ന കാഫ്ക ബൈബിളിലെ ഇയ്യോബിനെപ്പോലെ നീതിയ്ക്കു വേണ്ടി മുറവിളി കൂട്ടുന്നു എന്ന് വ്യാഖ്യാനിച്ചു. തോമസ് മാൻ കാഫ്കയെ മതാത്മക വിമർശ ഹാസ്യകാരൻ എന്നും വിളിച്ചു.



September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV





കവിത

# ഗ്രിഗർ സാംസയുടെ രൂപാന്തരം

**രാജാംബിക**
(അസോസിയേറ്റ് എഡിറ്റർ,
ഫിൽക്ക മാഗസിൻ)

ഇറ്റിറ്റു വീഴുന്നു ഹൃദയരക്തദിനരാത്രങ്ങൾ !
അസ്തിത്വ ചിന്തയിൽ ദഹിച്ച ശാപചിത്രങ്ങൾ
ജനിയിതിലെന്തെന്തു വൈരുദ്ധ്യങ്ങൾ
രൂപപരിണാമം തീർത്ത ഭീകര സ്വത്വനിമിഷങ്ങൾ
ജന്മമൊരു പൂർവ്വകല്പിത ബന്ധനം
ജീവിതം പിറവിയാലുള്ള യാന്ത്രിക പരിത്യാഗം
കരുണയും കടപ്പാടും ശൂന്യം ഹൃദയവികാരവും
അന്യം

വിധിമേഘങ്ങൾ തീർത്ത വലയത്തിൽ
മറഞ്ഞു സൂര്യൻ
ശല്ക്കങ്ങൾ ഭേദിച്ചു പുറത്തുവരാനാകാതെ
ഗ്രിഗർ സാംസയൊരു കറുത്ത സൂര്യൻ
ഗഗനകാളിമയിൽ ധരണിയിൽ മയങ്ങുന്നു

അന്ധകാരമിതിൽ മിന്നാമിന്നികൾ
ജാലകപ്പാളിയ്ക്കിടയിലൊളിക്കവെ...
ഇതാ ഈ വിഭാതത്തിൽ ദുഃസ്വപ്നങ്ങൾ
മായുമ്പോൾ വൈകിയുണർന്ന സൂര്യൻ
ചിറകില്ലാത്തൊരു വമ്പൻ ചാഴിയായി
കിടപ്പറയിലെ രൂക്ഷഗന്ധം ശ്വസിക്കുന്നു

അറപ്പിന്റെ വെറുപ്പിന്റെ ശരപഞ്ജരത്തിലേക്ക്
പകർത്തി വച്ചൊരു കൂടുമാറ്റം
ഏകാന്തവ്യഥയുടെ നിഴലാട്ടം

മാലിന്യത്തിന്നിടയിൽ ഭക്ഷണം തേടുന്നൊരു
കീടജന്മമായി ശിഷ്ടജീവിതം
വികൃതമായൊരുദരത്തിൻ
വീർപ്പുകൾ ചുഴുന്നു ചുമരുകൾ
വ്യാധിയല്ലാത്തൊരു സമസ്യയുടെ
പൊരുളറിയാതെ ആധിയാലുഴന്ന്
പകച്ചു നിന്നു ജനയിതാവും ജനയിത്രിയും
പ്രാണന്റെ പാതിയാം നേർ പെങ്ങളും.

ലോകം പരിണമിക്കുമ്പോൾ കാലം
വികൃതരൂപമായി ചീർക്കുന്നു
കുടുംബബന്ധങ്ങൾ പോലും കടമ്പകൾക്കപ്പുറം.
കടമനിറവേറ്റുവാൻ ഭക്ഷണമെത്തിച്ചു
മാറിനിൽപ്പോരുറ്റവർ

ലോകർക്കുമുന്നിൽ പെടാതിരിക്കുവാൻ
ഗിരിശൃംഗവും ഇരുചെവിയറിയാതെ
രഹസ്യങ്ങൾക്ക് കാവലാളായി.
അരികത്തിരിക്കുവാനും ഒരുമാത്രയെങ്കിലും
ഉരിയാടുവാനുമുണ്ടോ ആരാനും
വെറുതെ കൊതിച്ചു പോയി കറുത്ത സൂര്യൻ.

ഉള്ളിൽ നുരയ്ക്കുന്ന മോഹസ്വപ്നങ്ങൾ
രൂപാന്തരത്തിൻ ചിതയിൽ പൊലിഞ്ഞുവോ?
ആട്ടിയകറ്റിയൊറ്റപ്പെടുത്തുമ്പോഴുമെരിയുന്നു
ചിന്തകൾ കൂട്ടത്തിലലിയാൻ
കൂടുമാറാൻ
കൊതിച്ചീടവെ...

നാലു ചുവരിനുള്ളിലേക്ക് തള്ളപ്പെടുമ്പോഴും
എറിഞ്ഞ് വീഴ്ത്തിയ മുറിപ്പാട് നീറിടുമ്പോഴും

അവശിഷ്ടങ്ങൾ ദുർഗന്ധം പരത്തുമീ
ഇരുട്ടിൻെറ തടവറയിൽ
വിശപ്പിൻെറ അസഹ്യത

വയ്യ, ശക്തിഹീനനായി ആകെയവശനായി...
വികാരത്തള്ളിച്ചകൾ നെഞ്ചിൽ കൂട്
തകർത്തു ഉരുൾപൊട്ടും നോവായി
പെയ്തിറങ്ങുമ്പോഴും

ഇമകൾ പൂട്ടി ചുടുകണ്ണീർ ധാരയായി
നിസ്സഹായതയുടെ മടിത്തട്ടിൽ
ദുർഗ്രഹ നിമിഷങ്ങൾ പൊലിയുന്നു
ഉള്ളം തുറന്നീടാനാകാതെ
രൂപപരിണാമത്തിൻ മിന്നൽപ്പിണരിൽ
വിറങ്ങലിച്ചീടുന്നു പകലിരവുകൾ

ഒരിക്കൽ തൊട്ടു തലോടി സൃഷ്ടിച്ചൊരു
നരൻെറ ശില്പത്തിൻ അരികുകൾ
വീണ്ടും ചെത്തി ദൂരേയ്ക്ക് പറക്കുവാൻ
ത്രാണിയില്ലാതെ,
ചിറകില്ലാത്തൊരു കീടമാക്കി,
മാലിന്യത്തിന്നിടയിലെ ദുരിതമാക്കി.

കുടുംബ സ്വസ്ഥഭദ്ര സാമൂഹിക വ്യവസ്ഥിതിക്കേറ്റ
അപമാനഭാരവും
താങ്ങാവുന്നതിലുമേറെയായി,
വിടപറയാം ഇനി മറയാം മരണത്തിൻ
താഴ്വാരത്തിലലിയാം
സമയം തെറ്റിയുള്ള വിടചൊല്ലൽ ശ്രമത്തിൽ
സ്നേഹിച്ചവർ പാടേയകന്നു,
ഭക്ഷണവും കിട്ടാക്കനിയാകുന്നു...

ആരോ എഴുതിവച്ചൊരു രൂപാന്തര കഥയിലെ
നായകൻ ആത്മവേദനയിൽ ഇഴയുന്നു

ഗ്രിഗർ സാംസ വിമൂകം വിലപിക്കുന്നു
എനിക്ക് വിശക്കുന്നു ,
കാഫ്കാ,
പ്രിയപെട്ട ഫ്രാൻസ് കാഫ്കാ,
എന്നെയീ ജീവിത കാരാഗൃഹത്തിൽ നിന്ന്
പുറന്തള്ളുക,
ആരുമറിയാതെ.

വെന്തുനീറുന്ന പ്രജ്ഞയിൽ,
മറ്റൊരു പാഴ്ജന്മമാകാതെ വീണ്ടും പിറന്നു
വെങ്കിൽ...!

പൊട്ടിയടർന്നൊരു ഹിമശൈലത്തിന്നടിയിൽ
ഇനിയൊരുണർവ്വില്ലാതുറങ്ങുവാൻ ,
കഷ്ടതയുടെ ഈർപ്പത്തിൽ നിന്ന് മുക്തനായി
അനന്ത സൗന്ദര്യത്തിലേക്കൊരു
ശാന്തിയാത്ര...
കുഴിവെട്ടിമൂടിയാ യാതനയെ
പരിചാരിക ആരോരുമറിയാതെ.

ദുരിതപ്പെയ്ത്തൊഴിഞ്ഞു വെളിച്ചം പിന്നെയും
വിരുന്നിന് ക്ഷണിക്കുന്നു...
പുതുഗേഹത്തിലൊരു പുതുജീവിതം
ആസ്വദിക്കാൻ
ചിരിക്കുന്ന മുഖങ്ങൾ...
ചിരിക്കുന്ന പുൽമേടുകൾ, ചിരിക്കുന്ന
പൈൻമരങ്ങൾ,
ചിരിക്കുന്ന വെള്ളിമുകിലുകൾ...
ചൂളം വിളിച്ചു കുതിക്കുന്നു
ഓർമ്മകളുടെ രൂപാന്തരങ്ങൾ...

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV



# റൈനൊസെറോസ് (യൂജിൻ അയനെസ്കോ)



**സുരേഷ്കുമാർ.സി**
സെക്രട്ടറി ,
ബീം ഫിലിം സൊസൈറ്റി




റൊമേനിയൻ - ഫ്രെഞ്ച് നാടകകൃത്തായ യൂജിൻ അയനെസ്കോയുടെ ഇതേ പേരിലുള്ള പ്രസിദ്ധമായ അസംബന്ധ നാടകത്തിന്റെ ചലച്ചിത്ര രൂപാന്തരമാണ്, ടോം.ഒ. ഹോർഗൻ സംവിധാനം ചെയ്ത് 1974 ൽ പുറത്തിറങ്ങിയ റൈനൊസെറോസ് എന്ന അമേരിക്കൻ സിനിമ.

ആൽബേർ കാമുവും ഫ്രാൻസ് കാഫ്കയും മറ്റും പ്രതിനിധാനം ചെയ്തിരുന്ന അസ്തിത്വവാദ സാഹിത്യദർശനത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് 1950-60 കളിൽ യൂറോപ്പിൽ പ്രത്യേകിച്ച് ഫ്രാൻസിൽ കരുത്താർജിച്ച അസംബന്ധ നാടക പ്രസ്ഥാനത്തിന്റെ പ്രയോക്താക്കളിൽ പ്രമുഖനായിരുന്നു യൂജിൻ അയനെസ്കോ.

ലോക ഫാഷിസത്തിന്റെ ഉദയവും രണ്ടാം ലോകമഹായുദ്ധവും നൽകിയ അനുഭവങ്ങളിൽ നിന്നുമാണ് അയനെസ്കോയുടെ ഈ അസംബന്ധ നാടകം രൂപം കൊള്ളുന്നത്. ആധുനിക ലോക സാഹചര്യങ്ങളിലെ അസംബന്ധങ്ങളും സമഗ്രാധിപത്യ രാഷ്ട്രീയ വളർച്ചയുടെ ഉള്ളറകളും അന്വേഷിച്ചുള്ള യാത്രയാണ് അയനെസ്കോയുടെ നാടകങ്ങളുടെ പൊതുഭാവം. റൈനൊസെറോസും അക്കൂട്ടത്തിൽ ഒന്നു തന്നെ.

Berenger എന്നും Jean എന്നും പേരായ രണ്ടു സുഹൃത്തുക്കൾ (സിനിമയിൽ Stanley എന്നും John എന്നും പേർ) ഫ്രാൻസിലെ ഒരു ഗ്രാമത്തിലെ കോഫി ഷോപ്പിൽ സംസാരിച്ചിരിക്കുന്നിടത്താണ് നാടകം ആരംഭിക്കുന്നത്. അതിനിടയിൽ എല്ലാവരേയും അമ്പരപ്പിച്ചുകൊണ്ട് ഒരു കാണ്ടാമൃഗം അവർക്ക് മുന്നിലൂടെ ഓടിപ്പോകുന്നു. അടുത്ത ദിവസം ഗ്രാമം ഉണരുന്നത് കണ്ടാമൃഗത്തിന്റെ



വിളയാട്ട കഥകൾ കേട്ടു കൊണ്ടാണ്. ഗ്രാമമാകെ കാണ്ടാമൃഗം ആഴ്ന്നിറങ്ങിക്കൊണ്ടിരിക്കുന്നു. ഗ്രാമവാസികൾ ഓരോരുത്തരായി കാണ്ടാമൃഗങ്ങളായി സ്വയം മാറിക്കൊണ്ടിരിക്കുന്നു. തന്റെ ആത്മമിത്രമായ Jean ഉം കൂടി കാണ്ടാമൃഗമായി പരിവർത്തനം ചെയ്യപ്പെടുന്നത് കണ്ട് ആധി പൂണ്ട Berenger ഉച്ചത്തിൽ നിലവിളിച്ച് ഗ്രാമവാസികളെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നു. എന്നാൽ ആ ശ്രമത്തിൽ അയാൾ തീർത്തും ഒറ്റപ്പെടുന്നതാണ് നാം കാണുന്നത്.

ഗ്രാമത്തിലേക്ക് ഒരധിനിവേശം പോലെ കടന്നെത്തിയ കാണ്ടാമൃഗത്തെ പ്രതിരോധിക്കുന്നതിനു പകരം ഓരോരുത്തരായി അതിനോട് സമരസപ്പെട്ട്,



ഒടുവിൽ അതായിത്തന്നെ സ്വയം മാറുന്ന കാഴ്ച Berenger നെ വല്ലാതെ അസ്വസ്ഥപ്പെടുത്തുന്നു. അയാളുടെ കാമുകിയായ Daisy മാത്രം, തുടക്കത്തിലെ സന്നിഗ്ദ്ധത വിട്ട് Berenger ന് ഒപ്പം പ്രതിരോധിച്ചുനിൽക്കാൻ തയ്യാറാകുന്നു.

ഗ്രാമത്തിലെ കാണ്ടാമൃഗത്തിന്റെ സാന്നിദ്ധ്യത്തെച്ചൊല്ലി പരസ്പര വിരുദ്ധമായ വാദങ്ങളുയർത്തിയുള്ള ചർച്ചകളും



തർക്കങ്ങളും സാക്ഷ്യ പ്രമാണങ്ങളുമെല്ലാം നാടകത്തിന്റെ ഭാഗമാകുന്നുണ്ട്. നിരവധി കഥാപാത്രങ്ങളിലൂടെ നടക്കുന്ന ഈ സംവാദങ്ങൾക്കൊടുവിൽ ബെറെംഗറും ഡെയ്സിയുമൊഴികെയുള്ള ഗ്രാമസമൂഹമൊന്നാകെ കാണ്ടാമൃഗം എന്ന അവസ്ഥയോട് പൊരുത്തപ്പെടുകയും സ്വയം അതായി മാറാൻ തയ്യാറാകുകയും ചെയ്യുന്നു എന്ന അന്യാപദേശ കഥയിലൂടെ അക്രമോത്സുക - സമഗ്രാധിപത്യ ശക്തികൾക്ക് കീഴടങ്ങുക എന്ന ഭൂരിപക്ഷ സമൂഹ മനശ്ശാസ്ത്രത്തിനു നേർക്കുള്ള കുറ്റപത്രമായി രാഷ്ട്രീയ മാനം നേടുന്നു അയനെസ്കോയുടെ നാടകം. ഒപ്പം Tom O Horgan ന്റെ സിനിമയും.

ആൾക്കൂട്ട മനശ്ശാസ്ത്രത്തിന്റെ കൈപ്പിടിയിലേക്ക് ഒരു സമൂഹം വഴുതി





വീഴുമ്പോഴുള്ള അപകടവും അതിനെതിരെ വ്യക്തികൾ എന്ന നിലയിൽ ചെറുത്തു നിൽക്കേണ്ടതിന്റെ ആവശ്യകതയുമാണ് അയനെസ്കോ പറയാൻ ശ്രമിക്കുന്നത്. വേണ്ടപ്പെട്ടവരുൾപ്പെടെ, തന്റെ ചുറ്റുമുള്ളവരൊന്നാകെ കാണ്ടാമൃഗവുമായി താദാത്മ്യം പ്രാപിക്കാൻ ഒഴുകിയിറങ്ങുമ്പോൾ അവസാന നിമിഷം വരെയും മനുഷ്യൻ എന്ന തന്റെ വ്യക്തിത്വത്തിൽ ഉറച്ചുനിൽക്കുമെന്ന് പ്രഖ്യാപിക്കുകയാണ് ബെറെംഗർ. ഞാൻ കീഴടങ്ങുകയില്ല എന്ന് അയാൾ നിലവിളിക്കുന്നുമുണ്ട്. ഫാഷിസത്തിനെതിരെയും നാസിസത്തിനെതിരെയും ഉള്ള പോരാട്ടങ്ങളുടെ സാംസ്കാരിക മുഖങ്ങളിൽ ഏറെ ശ്രദ്ധേയവും പ്രഹരശേഷിയുമുള്ള ഒന്നായിരുന്നു അസംബന്ധ നാടക പ്രസ്ഥാനം. സാമുവൽ ബക്കെറ്റ് , ജീൻ ജെനെറ്റ്, ഹാരോൾഡ് പിന്റർ തുടങ്ങിയവരോടൊപ്പം ആ പ്രസ്ഥാനത്തിന്റെ പ്രമുഖനായ വക്താവായിരുന്നു യൂജിൻ അയനെസ്കോയും.

വന്യതയുടെ രൂപം കൈക്കൊള്ളുന്ന രാഷ്ട്രീയ- സമഗ്രാധികാരങ്ങൾക്കു മേൽ മാനവികതയുടെ സംസ്കാരത്തിന്റെ വിജയപ്രതീക്ഷയാണ് ബെറംഗർ എന്ന കഥാപാത്രത്തിന്റെ അവസാന നിമിഷത്തിലുമുള്ള ചെറുത്തുനിൽപ്പിലൂടെ റൈനൊസെറോസ് മുന്നോട്ടു വയ്ക്കുന്നത്.

ചലച്ചിത്രകാരന് അനുവദനീയമായ സ്വാതന്ത്ര്യമെടുത്തിട്ടുങ്കിലും ഹോർഗന്റെ സിനിമാരൂപവും നാടകത്തിന്റ ദർശനം തന്നെയാണ് മുന്നോട്ടു വയ്ക്കുന്നത്. മാധ്യമത്തിന്റെ സാധ്യതയുപയോഗിച്ച് ആക്ഷേപഹാസ്യ വിമർശന രീതിക്ക് കൂടുതൽ ഇടം നൽകിയിട്ടുള്ളതായി കാണാം. ഹോർഗന്റേത് കൂടാതെ നിരവധി ചലച്ചിത്ര
രൂപങ്ങൾ അയനെസ്കോയുടെ നാടകത്തിന് ഉണ്ടായിട്ടുണ്ട്. ഒപ്പം നിരവധി വ്യാഖ്യാനങ്ങളും. വിശ്വസാഹിത്യവും വിശ്വസിനിമയും എന്ന ചലച്ചിത്രമേള പരമ്പരയിൽ, ആധുനികതയുടെ പ്രഹസനാക്ഷേപ ഹാസ്യത്തിന്റെ ദൃശ്യാവിഷ്കാരങ്ങളിൽ ഈ സിനിമയും പ്രസക്തമാണ്.



# യൂജിൻ അയനെസ്കോ



ലീലാമ്മ തോമസ്
ബോട്സ്വാന
(ഫിൽക്ക)




അബ്സർഡ് നാടകത്തിന്റെ പ്രവാചകനാണ് യൂജിൻ അയനെസ്കോ (1909 1994). ഫ്രഞ്ച് നാടകചരിത്രത്തിലെ അബ്സർഡ് തിയേറ്റർ ലോകജനതയ്ക്ക് സമ്മാനിച്ച രസദർശനങ്ങൾ എന്നും ആസ്വാദകർക്ക് ഹരമാണ് . സാമുവൽ ബെക്കറ്റിനൊപ്പം തന്നെ അതിന്റെ പ്രധാന ശില്പിയാണ് യൂജീൻ അയനെസ്കോ. ഇരുപതാം നൂറ്റാണ്ടിലെ ലോക സാഹത്യത്തിൽ, മനുഷ്യന്റെ നിലവിളി യും നിസ്സാരതയും വേദിയിൽ ശക്തമായി അവതരിപ്പിച്ച കലാകാരൻ ആയിരുന്നു അദ്ദേഹം. ചിരിയും ഭീതിയും ഒരേ സമയം ജനിപ്പിക്കുന്ന അദ്ദേഹത്തിന്റെ കൃതികൾ, ഇന്നും ദാർശനിക ചർച്ച കൾക്ക് വാതിൽ തുറക്കുന്നു.

1909 നവംബർ 26-ന് റുമാനിയയിലെ സ്ലാറ്റിനയിൽ അയനെസ്കോ ജനിച്ചു. ബാല്യകാലത്ത് മാതാപിതാക്കളോടൊപ്പം ഫ്രാൻസിലേക്കു പോയെങ്കിലും, പിന്നീട് മാതാപിതാക്കളുടെ വിവാഹമോചനം അദ്ദേഹത്തെ വീണ്ടും റുമാനിയയിലേക്കു തിരികെ കൊണ്ടുവന്നു. കുടുംബത്തിന്റെ തകർച്ചയും ഏകാന്തതയും ചെറുപ്പത്തിൽ തന്നെ അനുഭവിച്ച അയനെസ്കോ, പിന്നീട് അതിനെ തന്നെ തന്റെ നാടകങ്ങളുടെ ആത്മാവാക്കി മാറ്റി.

റുമാനിയയിൽ സാഹിത്യവും ഭാഷയും പഠിച്ച അദ്ദേഹം, ഫ്രഞ്ച് കവിതയിലും സാഹിത്യത്തിലും താൽപര്യം വളർത്തി. പഠനകാലത്ത് കവിതകളും വിമർശനങ്ങളും എഴുതിത്തുടങ്ങി. എന്നാൽ അയനെസ്കോയുടെ യഥാർത്ഥ വേദി ഫ്രാൻസ് തന്നെയായിരുന്നു. പഠനം പൂർത്തിയാക്കിയ ശേഷം അദ്ദേഹം വീണ്ടും ഫ്രാൻസിലേക്ക് കുടിയേറി. അവിടെ നിന്നാണ് അദ്ദേഹത്തിന്റെ സൃഷ്ടിപ്രവാഹം ആരംഭിച്ചത്.

40-ആം വയസ്സിനടുത്താണ് അയനെസ്കോ തന്റെ ആദ്യകാല നാടകങ്ങൾ രചിച്ചത്. The Bald Soprano (La Cantatrice Chauve,



1950) അദ്ദേഹത്തെ ലോകസാഹിത്യത്തിൽ ഉയർത്തിക്കൊണ്ടുവന്നു. ആദ്യ നോട്ടത്തിൽ കഥാപരിണാമം ഇല്ലായെന്നു തോന്നിച്ചാലും, ജീവിതത്തിന്റെ പല ഘട്ടങ്ങളിലും മനസ്സിനെ സ്പർശിക്കുന്ന അർത്ഥശൂന്യതയും മനുഷ്യ ബന്ധങ്ങളുടെ വിചിത്രമായ പൊളിച്ചെഴു ത്തും നാടകത്തിലൂടെ പ്രകടമാക്കി.

അദ്ദേഹത്തിന്റെ നാടകങ്ങളിൽ പ്രേക്ഷകർക്ക് കഥയല്ല, ജീവിതത്തിന്റെ അബ്സർഡിറ്റിയാണ് നേരിടേണ്ടി വരുന്നത്.ആശയ വിനിമയത്തിലെ പരാജയം, മനുഷ്യന്റെ അന്തിമ ഏകാന്തത, ചിരിയുടെ മറവിൽ മറഞ്ഞ ദാരുണ്യം ഇവ എല്ലാം അയനെസ്കോയുടെ കലയുടെ ഭാഗമാണ്.

1959-ലെ Rhinoceros അയനെസ്കോയുടെ കിരീടകൃതി . ഗ്രാമത്തിലെ ആളുകൾ ഒരോരുത്തരും കാണ്ടാമൃഗങ്ങളായി മാറുന്നതാണ് ഇതിലെ മുഖ്യരംഗം. ആദ്യ നോട്ടത്തിൽ വിചിത്രമായ കളിയാണെന്ന് തോന്നിച്ചാലും, അത് മനുഷ്യൻ സമൂഹത്തിന്റെ അന്ധാനുകരണത്തിലൂടെ സ്വാതന്ത്ര്യവും വ്യക്തിത്വവും നഷ്ടപ്പെടുന്ന ദാരുണസത്യം ചിത്രീകരിക്കുന്നു. നാസിസത്തിന്റെ ഉയർച്ച, ഫാഷിസത്തിന്റെ മാരക ആകർഷണം, രാഷ്ട്രീയ സിദ്ധാന്ത ങ്ങളു ടെ അന്ധവിശ്വാസം എല്ലാം





Rhinoceros-ൽ അയനെസ്കോ കടുത്ത രീതിയിൽ വിമർശിച്ചു. എന്റെ കോളേജ് കാലത്ത് ആദ്യമായി Rhinoceros വായിക്കുമ്പോൾ എനിക്കു തോന്നിയത്: ഇന്നത്തെ സമൂഹത്തോട് ഇത്രയും ചേർന്ന് പോകുന്നൊരു നാടകം, അന്നത്തെ കാലത്തുതന്നെ എഴുതിയിരി ക്കുന്നു! എന്നാണ് . ആ അനുഭവം കൊണ്ട് അയനെസ്കോ വെറും ചരിത്രകാരനായല്ല, കാലാതീത പ്രവാചകനായാണ് എന്റെ മനസ്സിൽ തെളിഞ്ഞത്. ഇന്നത്തെ കാലത്ത് സോഷ്യൽ മീഡിയയിലെ മാസ് അനുകര ണവും മാസ് ഹിസ്റ്റീരിയയും കാണുമ്പോൾ Rhinoceros-ന്റെ പ്രവാചകത്വം കൂടുതൽ പ്രകടമാകുന്നു.

The Lesson, The Chairs, Exit the King തുടങ്ങിയ കൃതികളിൽ അയനെസ്കോ തന്റെ അസംബന്ധ സത്യദർശനം ശക്തമായി പ്രകടിപ്പിച്ചു. അറിവിന്റെ പേരിൽ നടക്കുന്ന അധിനിവേശത്തിന്റെ വിചിത്രരൂപം...ശൂന്യത നിറഞ്ഞ ലോകത്തിൽ മനുഷ്യൻ തേടുന്ന വ്യർത്ഥമായ പ്രത്യാശ... മരണത്തെ നേരിടുന്ന മനുഷ്യന്റെ വിറയലും, അതിനു ള്ളിലെ വിനോദവ്യത്യാസവും... ഭാഷ മനുഷ്യരെ ബന്ധിപ്പിക്കുന്നതിനേക്കാൾ വേർതിരിക്കുന്നു... മനുഷ്യജീവിതം വിചിത്ര വും നിരർത്ഥകമാണ്... എങ്കിലും അതിന്റെ നടുവിൽ ചിരിയും വിരോധാഭാസവും

നിറഞ്ഞ വിസ്മയം ഉണ്ട്. ഈ ചിരിയും വിരോധാഭാസവും അനുഭവ വൈവിധ്യങ്ങളുമാണ് ജീവിതം എന്ന് അയ്നെസ്കോ നമ്മെ ഓർമ്മിപ്പിക്കുന്നു .

ജെറുസലേം പ്രൈസ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങളും സർവകലാശാലകളിൽ നിന്ന് ഓണററി ഡോക്ടറേറ്റുകളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട് . 1994 മാർച്ച് 28-ന് പാരീസിൽ വെച്ച് അദ്ദേഹം അന്തരിച്ചു.

എന്റെ നാടായ വെട്ടിക്കോടിലെ പ്രാചീന ദേവീക്ഷേത്രത്തിൽ അയനെസ്കോയുടെ നാടകത്തെ അവതരിപ്പിക്കുമ്പോൾ, അത് വെറും അഭിനയം മാത്രമല്ല, ജീവിതത്തിന്റെ വിചിത്രതയും മനുഷ്യബന്ധങ്ങളുടെ ദുരന്തവും നേരിട്ട് അനുഭവിക്കുന്ന ഒരു യാത്രയായി മാറി. അയനെസ്കോയുടെ നാടകങ്ങൾ വെറും കഥ പറയലല്ല; അവ ജീവിതത്തെ പരിശോധിക്കാനും, ചിന്തിപ്പിക്കാനും, മറഞ്ഞ വിസ്മയങ്ങളെ തുറന്നുകാണിക്കാനുമുള്ള വേദിയാണെന്ന് ആ അനുഭവം തെളിയിച്ചു. ദേവീക്ഷേത്രത്തിന്റെ വിശുദ്ധ അന്തരീക്ഷത്തിൽ ആ നാടകപ്രവർത്തനം, എനിക്ക് അയനെസ്കോയുടെ ലോകത്തിൽ മുഴുകിയ ഒരേ നിമിഷമായി, ജീവിതത്തെ മറ്റൊരു കണ്ണിലൂടെ നോക്കാനും, അനുകരണത്തിന്റെ ചങ്ങലയിൽ കുടുങ്ങാതെ ചിന്തിക്കാനും പ്രേരണ നൽകിയിട്ടുണ്ട് .

യൂജീൻ അയനെസ്കോയുടെ നാടകങ്ങൾ വെറും കലാസൃഷ്ടികളല്ല; അവ മനുഷ്യന്റെ അസ്തിത്വത്തെ ചോദ്യം ചെയ്യുന്ന ദാർശനിക പ്രഖ്യാപനങ്ങൾ ആണ്. എന്റെ അക്കാദമിക് പഠനത്തിന്റെ ഭാഗമെന്നതിലുപരി, മനുഷ്യജീവിതത്തെക്കുറിച്ചുള്ള ഒരു ആത്മവിചാരയാത്രയുമായി കൂടിയ അനുഭവമാണ് അയനെസ്കോയുടെ നാടകത്തിൽ ഞാൻ കണ്ടെത്തിയത്. ഭാഷ പൊളിഞ്ഞുപോകുന്ന ലോകത്തും, മനുഷ്യൻ സ്വന്തം മുഖം നഷ്ടപ്പെടുന്ന കാലത്തും, അയനെസ്കോ നമ്മെ ഓർമ്മപ്പെടുത്തുന്നു:

**ചിന്തിക്കൂ. സംശയിക്കൂ.**
**അനുകരണത്തിന്റെ ചങ്ങലയിൽ വീഴരുത്.**



കവിത



# റൈനൊസെറോസ്

**പുഷ്പ അനിൽ**
( ഫിൽക്ക)

സ്വസ്തികചിഹ്നക്കൊടി പാറുന്ന
നഗരവീഥിയിലൊരു
കാണ്ടാമൃഗം...
സത്യമോ മിഥ്യയോ
ബെറൻഗർക്കൊരു വിഭ്രമം .
ഒരു കൂടിക്കാഴ്ച തൻ വേളയിൽ
സുഹൃത്തുക്കളാം ബെറെൻഗറും ജീനും
തർക്കത്തിലാകവെ അമ്പരപ്പോടതാ
ഒരു കാണ്ടാമൃഗം !
സത്യമോ മിഥ്യയോ ?

കാണ്ടാമൃഗത്തിൻ വിളയാട്ട കഥകളും
കാണ്ടാമൃഗം പോൽ നഗരവാസികൾ തൻ
പരിണാമവും കാൺകെ
ഉറ്റസുഹൃത്താം ജീനിൻ ആധിപൂണ്ട നിലവിളിയും
നഗരവാസികളോടുള്ള പിന്തിരിപ്പൻ
ശ്രമത്തിനൊടുവിലായ് നിരാശയിലേകനായ്
ബെറൻഗറും

ഒരധിനിവേശം പോൽ കടന്നെത്തും
കാണ്ടാമൃഗത്തെ പ്രതിരോധിക്കുന്നതിൻ
മുൻപേ
അതിൽ പാരീസ് നഗരവും
സമരസപ്പെട്ടതായി മാറുന്ന കാഴ്ചയാൽ
വല്ലാതെ നൊമ്പരപ്പെടുമാ നേരവും

അന്ധകൂപത്തിൽ വലയുമ്പോഴും
നേരിന്റെ നിഴൽ വെളിച്ചത്തിൽ
നോവാർന്ന വേദനയുള്ളിലൊരാഴക്കടൽ പോലെ
അസന്നിഗ്ദ്ധത വിട്ട്, പ്രതിരോധശേഷിയായ്

ബർഗറിൻ കാമുകി ഡെയ്സിയും
കാണ്ടാമൃഗത്തിൻ സാന്നിദ്ധ്യം പരസ്പര
വിരുദ്ധമാം വാദങ്ങളുയർത്തിയ
ചർച്ചകൾ, തർക്കങ്ങൾ,
സാക്ഷ്യ പ്രമാണങ്ങളെല്ലാം
വിഷയങ്ങളാകുകിൽ
ലോക സംവാദങ്ങൾക്കൊടുവിലായ്
ബെറൻഗറും ഡെയ്സിയുമൊഴികെയാ
നഗരസമൂഹമൊന്നാകെ
അസംബന്ധ നാടകം പോലെയോ
പ്രഭാവമുള്ള മനുഷ്യനുമേൽക്കുള്ള
ഭരണകൂടങ്ങൾ, അധികാരവാഴ്ചകൾ,
അധിനിവേശങ്ങൾ....

കാണ്ട മൃഗത്തോടുള്ള പൊരുത്തപ്പെടലാൽ
സ്വയം അതായിമാറുന്ന കാഴ്ചയിൽ
അക്രമോത്സുക സമഗ്രാധിപത്യ
ശക്തികൾക്കേവരും കീഴടങ്ങുകയോ...

ആൾക്കൂട്ട മനശാസ്ത്രത്തിൻ കൈപ്പിടിയിൽ
സമൂഹത്തിൻ പതനവും അതിനെതിരെ
സ്വതന്ത്ര വ്യക്തികൾതൻ പോരാട്ടവും
തെളിഞ്ഞുകണ്ടീടും നേരം

ഉറ്റവർ ഉടയവരൊന്നാകെ കാണ്ടാമൃഗമായി
താദാത്മ്യം പ്രാപിക്കുവാൻ ഒഴുകി
യിറങ്ങുന്നു
ചരിത്രം മാർച്ച് ചെയ്യുന്നു
സ്വസ്തികചിഹ്നവുമായി .

'മനുഷ്യൻ' എന്ന സംജ്ഞയാൽ ഉറച്ചു
നിൽക്കുമെന്ന പ്രഖ്യാപനത്തിൻ
നേർത്ത അശ്ശരീരി ...
ബെറൻഗർ തൻ നിലവിളി
' കീഴടങ്ങുകയില്ല ഞാൻ'...

September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV



(പ്രതികരണം)

# വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ ആസ്പദമാക്കിയുള്ള ചലച്ചിത്രമേളയുടെ മൂന്നാം ഭാഗം



ജോൺ തോമസ്
(ഫിൽക്ക)

ഫിൽക്ക ഫിലിം സൊസൈറ്റി 25 വർഷം പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ ആസ്പദമാക്കിയുള്ള സിനിമ പ്രദർശന പരമ്പരയുടെ മൂന്നാം ഭാഗം അരങ്ങേറിയത് പച്ചപ്പു വിരിച്ച വിശാലമായ ക്യാമ്പസുള്ള തലസ്ഥാന നഗരിയിലെ മറ്റൊരു കലാലയത്തിൽ, തുമ്പ സെന്റ് സേവിയേഴ്സ് കോളേജിൽ വച്ചായിരുന്നു. ഇംഗ്ലീഷ് ആൻഡ് മീഡിയ സ്റ്റഡീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2025 ആഗസ്റ്റ് മാസം 21ആം തീയതി സിനി-എക്സ് എന്ന ഫിലിം ക്ലബ്ബിന്റെ രൂപീകരണവുമായി ബന്ധപ്പെട്ടായിരുന്നു പ്രസ്തുത ഫിലിം ഫെസ്റ്റിവൽ.

കോളേജിലെ ഔട്ട് റീച്ച് സർവീസ് ഹാളിൽ നടന്ന ഫെസ്റ്റിവലിന്റെ ഔപചാരികമായ ഉദ്ഘാടന ചടങ്ങിൽ എത്തിയവരെ സ്വാഗതം ചെയ്തത് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. തോമസ് സ്കറിയ ആയിരുന്നു. സൂസൻ സൊൻടാഗിനെ പോലൊരു സാഹിത്യകാരി ജീർണിച്ച കല എന്ന് വിശേഷിപ്പിച്ചെങ്കിലും ഇന്നും ചൈതന്യവത്തായി സിനിമ എന്ന കലാരൂപം നിലനിൽക്കുന്നതായി അദ്ദേഹം സൂചിപ്പിച്ചു.

മലയാള സിനിമ നിരൂപണ ചരിത്രത്തിന്റെ നാൾവഴികൾ ഓർത്തെടുത്ത ആധുനിക സിനിമയുടെ ചരിത്ര - സൗന്ദര്യ ശാസ്ത്ര വഴികളിലെ രചയിതാക്കളിൽ ശ്രദ്ധേയരായ രണ്ടുപേർ, ശ്രീ. വിജയകൃഷ്ണനും ശ്രീ. സാബു ശങ്കറും ഇന്നത്തെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുന്നത് അഭിമാന മുഹൂർത്തമായി അദ്ദേഹം വിശേഷിപ്പിച്ചു.


ഉദ്ഘാടനം നിർവഹിച്ച പ്രശസ്ത നിരൂപകനും ചലച്ചിത്രകാരനുമായ വിജയകൃഷ്ണൻ , തുമ്പ സെന്റ് സേവിയേഴ്സ് കോളേജിലെ മലയാള വിഭാഗം നടത്തിയ ചലച്ചിത്ര ശില്പശാലകളിൽ പലപ്രാവശ്യം പങ്കെടുത്തിട്ടുള്ള കാര്യം അനുസ്മരിച്ചു. സിനിമയെ നേരം പോക്ക് എന്ന രീതിയിൽ കാണുന്ന അവസ്ഥയിൽ നിന്നും കലാരൂപം എന്ന് നിലയിൽ കാണുവാനുള്ള കഴിവ് സ്വായത്തമാക്കേണ്ടതുണ്ടെന്ന് അദ്ദേഹം



ചൂണ്ടിക്കാട്ടി. സാഹിത്യകൃതികൾ ആസ്വദിക്കുന്നതിന് ഭാഷ അറിയണമെന്നതുപോലെ, പാട്ട് ഗൗരവമായി ആസ്വദിക്കുന്നതിന് ശാസ്ത്രീയ ജ്ഞാനം വേണം എന്നതുപോലെ കാലത്തെ അതിജീവിക്കുന്ന സാഹിത്യകൃതികൾ പോലെയുള്ള സിനിമകൾ ആസ്വദിക്കുന്നതിന് ശാസ്ത്രീയ പരിജ്ഞാനം ആവശ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.നല്ല സിനിമകൾ എപ്പോൾ കണ്ടാലും ആദ്യം കാണുന്ന അനുഭവം പ്രദാനം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

ഗ്രന്ഥശാലാപ്രസ്ഥാനം പുസ്തകങ്ങളുമായി ബന്ധപ്പെട്ട് ചെയ്യുന്ന സേവനമാണ് ഫിലിം സൊസൈറ്റി പ്രസ്ഥാനം സിനിമയ്ക്ക് വേണ്ടി ചെയ്യേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സിനിമ പാഠ്യ വിഷയമാക്കണമെന്ന് 40 വർഷം മുൻപ് തങ്ങളെപ്പോലുള്ളവർ ആവശ്യപ്പെട്ടിരുന്നുവെന്നും ഇന്നത് കാലഘട്ടത്തിന്റെ ആവശ്യമായി മാറുകയും കലാലയങ്ങളിൽ കോഴ്സുകൾ, സ്കൂൾ കരിക്കുലത്തിൽ പാഠഭാഗങ്ങൾ എന്നിവയായി സിനിമാ പഠനം മാറി എന്നതിൽ അദ്ദേഹം സന്തുഷ്ടി പ്രകടിപ്പിച്ചു. മറ്റ് കലാരൂപങ്ങളിൽ നിന്നും വ്യത്യസ്തമായി സിനിമ നിർമാണം ചെലവേറിയ പ്രക്രിയ യാണ്. എന്നാൽ ചെലവ് കുറഞ്ഞ ഡോക്യുമെൻററി - ഹ്രസ്വ ചിത്രങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെടുന്നതിന് വലിയ സാമ്പത്തിക ചെലവ് ആവശ്യമില്ലെന്ന ആശ്വാസവാക്കുകളുമായാണ് അദ്ദേഹം ക്ലബ്ബിന്റെയും മേളയുടെയും ഉദ്ഘാടനം നിർവഹിച്ചത്.

തുടർന്ന് സംസാരിച്ച ഫിൽക്ക ഫിലിം സൊസൈറ്റി ജനറൽ സെക്രട്ടറിയും നോവലിസ്റ്റുമായ സാബു ശങ്കർ ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കുന്ന രണ്ടു ചിത്രങ്ങൾ, ജോ റൈറ്റ് സംവിധാനം ചെയ്ത ,




ടോൾസ്റ്റോയിയുടെ അന്ന കരനീന, ബില്ലി ആഗസ്റ്റ് സംവിധാനം ചെയ്ത, വിക്ടർ ഹ്യൂഗോയുടെ ലേ മിറാബിലെ എന്നീ ചിത്രങ്ങളെ കുറിച്ചും അവയ്ക്ക് ആധാരമായ കൃതികളെ കുറിച്ചും പ്രതിപാദിച്ചു. രണ്ടു നോവലുകളും പിറന്നതിന്റെ ചരിത്രപശ്ചാത്തലം കൂടി അദ്ദേഹം വിവരിച്ചു. വിക്ടർ ഹ്യൂഗോയുടെ നോവൽ ലേ മിറാബലെ മലയാള ഭാഷയിലേക്ക് പാവങ്ങൾ എന്ന പേരിൽ നാലപ്പാട്ട് നാരായണമേനോൻ ചെയ്ത തർജ്ജമ നൂറുവർഷം പൂർത്തിയാക്കിയ വേളയിലാണ് ഈ കൃതിയെ ആസ്പദമാക്കിയുള്ള സിനിമ പ്രദർശിപ്പിക്കുന്നതെന്ന് അദ്ദേഹം എടുത്തു പറഞ്ഞു. തുടർന്ന് സംസാരിച്ച ഇംഗ്ലീഷ് ആൻഡ് മീഡിയ സ്റ്റഡീസ് വകുപ്പ് മേധാവി മെലീസ ഹിലാരി ഫിലിം ക്ലബ് രൂപീകരണം തങ്ങളുടെ ഒരു സ്വപ്നസാക്ഷാത്കാരമാണെന്ന് വിശേഷിപ്പിക്കുകയും അതിന് സഹായിച്ച ഫിൽക്ക ഫിലിം സൊസൈറ്റിയെ അഭിനന്ദിക്കുകയും ചെയ്തു.

നന്ദി പ്രകാശിപ്പിച്ച ഫിലിം ക്ലബ് കൺവീനർ ഡോ. ഗിഫ്റ്റി എൽസാ വർഗീസ് അഭിമാനമുഹൂർത്തം എന്ന് വിശേഷിപ്പിച്ചു കൊണ്ടാണ് ചടങ്ങിൽ പങ്കെടുത്തവർക്ക്



നന്ദി രേഖപ്പെടുത്തിയത്.ടോൾസ്റ്റോയിയുടെ അന്ന കരനീന എന്ന വിഖ്യാതമായ നോവലിനെ ആസ്പദമാക്കിയുള്ള സിനിമയായിരുന്നു ആദ്യം പ്രദർശിപ്പിച്ചത്. മുൻപൊരിക്കൽ ഫിൽക്ക പ്രദർശിപ്പിച്ച ജർമ്മൻ ബയോപ്പിക് റോസാ ലക്സംബർഗ്ഗിൽ കാരാഗൃഹ വാസം അനുഭവിക്കുന്ന റോസ തന്റെ മുറിയിൽ ഒരു ചെറു ലൈബ്രറിയും മുറ്റത്തൊരു പൂന്തോട്ടവും ഒരുക്കിയെടുക്കുന്നു. തന്റെ പുസ്തക ശേഖരത്തിലെ ഇഷ്ട കൃതിയായി പേരെടുത്തു പറഞ്ഞ് റോസ ചൂണ്ടിക്കാട്ടുന്നത് അന്ന കരനീനയാണ്.

എല്ലാ സന്തുഷ്ട കുടുംബങ്ങളും ഒരേ പോലെ സന്തുഷ്ടമായിരിക്കും , എന്നാൽ ഓരോ അസന്തുഷ്ട കുടുംബവും അവയുടെതായ രീതിയിൽ അസന്തുഷ്ടമായിരിക്കും എന്ന വാക്യത്തോടെ ആരംഭിക്കുന്ന ബൃഹത് നോവൽ സുന്ദരിയും കുലീനയും ഉന്നത ഉദ്യോഗസ്ഥനും ഒത്തുള്ള വൈവാഹിക ജീവിതത്തിൽ അന്യതാബോധം അനുഭവിക്കുന്നവളും വികാരജീവിയുമായ അന്നയുടെ ജീവിത തകർച്ചയും ആരുടെ ബന്ധമാണോ നേരെയാക്കാൻ പീറ്റേഴ്സ് ബർഗിലേക്ക് അവൾ വരുന്നത് ആ സഹോദര കുടുംബം സന്തുഷ്ടമായി മാറുന്നതിന്റെ കാഴ്ചയും ആണ് നാം ദർശിക്കുന്നത്. സഹോദര കുടുംബത്തിന് സന്തുഷ്ടി കരഗതമാക്കുവാൻ വേണ്ടി അന്ന സ്വയം ബലിയായി തീരുകയായിരുന്നുവോ എന്നുപോലും ചിന്തിച്ചു പോകും. ഗാന്ധിജിയെ പോലും പ്രചോദിപ്പിച്ച ദാർശനിക ചിന്തകനും റഷ്യൻ കർഷക ജീവിതത്തിന്റെയും പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ഭൗതിക നേട്ടങ്ങളിൽ സംതൃപ്തി കൈവരിക്കുന്നതിന്റെയും ഒക്കെ വിളനിലം ആയിരുന്ന ടോൾസ്റ്റോയി തന്റെ പ്രതിപുരുഷനായിട്ടാണ് ലെവിൻ എന്ന കഥാപാത്രത്തെ ഈ നോവലിൽ അവതരിപ്പിക്കുന്നത്.

നോവലിന്റെയും സിനിമയുടെയും അന്ത്യഭാഗത്ത് രോഗഗ്രസ്തനും മരണാസന്നനുമായ സഹോദരന്റെ ശുശ്രൂഷ ഏറ്റെടുക്കാനുള്ള സന്നദ്ധത ലെവിൻ പ്രകടിപ്പിക്കുന്നുണ്ട്. പക്ഷേ രോഗിയുടെ ഭാര്യയായ ഗ്രാമീണ സ്ത്രീ ചുമതല താൻ തന്നെ നിർവഹിക്കുമെന്ന് പറഞ്ഞ് ലെവിന്റെ അഭ്യർത്ഥന നിരസിക്കുന്നു. ഈ കഥാപാത്രങ്ങളിലൂടെ അന്നയുടെ ജീവിതത്തിൽ നിന്നും വ്യത്യസ്തമായ നിലപാടുകൾ സ്വീകരിക്കുന്ന കഥാപാത്രങ്ങളെ അവതരിപ്പിച്ച് താരതമ്യം ചെയ്യാനുള്ള അവസരം ഒരുക്കുകയാണ് ടോൾസ്റ്റോയി. വേഗതയേറിയ കട്ടുകൾ നിറഞ്ഞ ഈ സിനിമയിൽ റഷ്യൻ ഓപ്പറയുടെ പശ്ചാത്തലത്തിലാണ് കഥാസന്ദർഭങ്ങൾ ഇതൾ വിടർത്തുന്നത്.





അവസാനമായി അവതരിപ്പിക്കപ്പെട്ട ലേ മിറബിലെ, വിശപ്പ് ശമിപ്പിക്കാൻ വേണ്ടി റൊട്ടി മോഷ്ടിച്ചതിന്റെ പേരിൽ കാരാഗൃഹ വാസത്തിനും പീഡനത്തിനും വിധേയനായി 19 വർഷങ്ങൾക്കുശേഷം പുറത്തു ചാടി പലപേരിൽ പല അവസ്ഥകളിൽ അദൃശ്യനായി കഴിഞ്ഞ് അവസാനം പട്ടണത്തിന്റെ മേയർ വരെ ആകുന്ന ഒരു മനുഷ്യന്റെ കഥയാണ്.

ജയിൽ ചാടി ആദ്യദിനം രാപാർക്കാൻ അലയുമ്പോൾ ബിഷപ്പിന്റെ വസതിയിൽ തനിക്ക് ലഭിക്കുന്ന പരിഗണനയും സ്നേഹവും അവിടെ നടത്തുന്ന മോഷണം പൊറുക്കുന്ന ബിഷപ്പിന്റെ പെരുമാറ്റവും ആ കുറ്റവാളിയുടെ മന:പരിവർത്തനത്തിന് ഇടയാക്കുന്നു. ആ പ്രവൃത്തി അയാളെ ബിഷപ്പിന്റെയും തുടർന്ന് ഒരു വേശ്യാസ്ത്രീയുടെയും അവരുടെ കാലശേഷം അവരുടെ മകളുടെയും അടക്കം പലരുടെയും സഹായിയും സംരക്ഷകനും ഒക്കെയായി മാറ്റി തീർക്കുന്ന കഥയാണിത്. തന്നെ നിരന്തരം വേട്ടയാടിയ പോലീസ് ആഫീസറുടെ ജീവിതം പോലും പരിവർത്തന വിധേയമാകുന്നു. അന്ത്യത്തിൽ, തന്റെ കർമ്മങ്ങളെല്ലാം പൂർത്തീകരിച്ചു എന്ന് ബോധ്യപ്പെട്ട അയാൾ നിയമത്തിന് കീഴടങ്ങുന്നതായി ചിത്രീകരിച്ച് സിനിമ അവസാനിക്കുന്നു. വാചികമായ വിവരണത്തിന്റെ അനന്തസാധ്യതയും



അവയുടെ തന്നെ ദൃശ്യാവിഷ്കരണത്തിന്റെ പരിമിതിയും വെളിവാക്കുന്ന രണ്ടു സിനിമകൾ. ഈ സിനിമകളുടെ പ്രദർശനത്തോടനുബന്ധി ച്ച് മറ്റു പലയിടത്തും കാണാത്ത തരത്തിൽ അധ്യാപകരുടെ സഹകരണവും വിദ്യാർത്ഥികളുടെ സാന്നിധ്യവും ഈ കലാലയത്തിൽ ഉണ്ടായിരുന്നു എന്ന കാര്യം എടുത്തു പറഞ്ഞേ മതിയാകൂ.



September Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Film Festival Part-IV



# PHOTO GALLERY

Inauguration of Cine-X (film club ) , St. Xavier's College Thumba. ( August film festival) .Dr.Prof. Thomas Scaria , Principal, Dr.B. Radhakrishnan, President - Filca, Vijayakrishnan , Dr. Sabu Sankar, Melissa Hilari , and Dr. Gifty Elsa Varghese.













# PHOTO GALLERY

**Inauguration of Cine-X (film club ) , St. Xavier's College Thumba. ( August film festival) .Dr.Prof. Thomas Scaria , Principal, Dr.B. Radhakrishnan, President - Filca, Vijayakrishnan , Dr. Sabu Sankar, Melissa Hilari , and Dr. Gifty Elsa Varghese.**













# PHOTO GALLERY

Inauguration of Cine-X (film club ) , St. Xavier's College Thumba. ( August film festival) .Dr.Prof. Thomas Scaria , Principal, Dr.B. Radhakrishnan, President - Filca, Vijayakrishnan , Dr. Sabu Sankar, Melissa Hilari , and Dr. Gifty Elsa Varghese.














# ആന്ദ്രേ താർകോവ്സ്കി

# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !




ഓഡിറ്റോറിയത്തിൽ
സ്റ്റോക്കർ പുസ്തകം
(മുഖവില 200 രൂപ)
150 രൂപയ്ക്ക്
ലഭിക്കുന്നതാണ്.
GPay സൗകര്യം
ഉണ്ടായിരിക്കും

Vinod Kumar

Scan to pay with any UPI app

September Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Film Festival Part-IV




**Film Vision MonthlySeptembert 2025.Rs 2/-RNI-KER/BIL/2002/8043**

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർക്കോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹200~~ ₹150




13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ചാലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com
Shop Online

CHIEF EDITOR* : Dr. B. RADHAKRISHNAN . ASSOCIATE EDITORS* : RAJAMBIKA.S.S.
Dr. LALITHA GOURI , SUB EDITORS* : JYOTHISHKUMAR.P.S. ,
GIRIJA SURENDRAN. ,DESIGN*: SHAJI CAD ., CIRCULATION*: VINODKUMAR. P.
EDITOR AND PUBLISHER*: Dr. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com